[ശ്രീ. എ. ജെ. ജാൺ]

യിൽ കൊണ്ടുവരേണ്ട കാര്യങ്ങളെ സംബന്ധിച്ചു് ഏതെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനു് സെലക്ട് കമ്മിറ്റിക്കു് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണു്. ഇതിൽ കൂടുതലായി എന്തെങ്കിലും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല.

ഈ അസംബ്ലി അവസാനിക്കുന്നതിനുമുമ്പുതന്നെ കോലക്ട് കമ്മിറ്റി ഈ ബില്ലിന്മേൽ റിപ്പോർട്ടു സമർപ്പിക്കണമെന്നു് ഒന്നിലധികം ബഹുമാനപ്പെട്ട മെംബറന്മാർ പറയുകയുണ്ടായി. ഇന്നലെ ഈ വ്യവസ്ഥയിൽ അഞ്ചാറു ബില്ലുകൾ സെലക്ട് കമ്മിറ്റിക്കു് അയച്ചിട്ടുണ്ടു്. അതിനും പുറമെ ഇനയബില്ലുകളിൽ ബാക്കിയുള്ളതു് സെലക്ട് കമ്മിറ്റി ചർച്ച ചെയ്യണമെന്നും ഉദ്ദേശിച്ചിരിക്കുകയാണു്. ആ സ്ഥിതിക്കു് ഈ ബില്ലും സെഷൻ അവസാനിക്കുന്നതിനുമുമ്പു് സെലക്ട് കമ്മിറ്റിക്കു് ആലോചിച്ചു് റിപ്പോർട്ടു് സമർപ്പിക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല. സാധാരണ ഗതിയിൽ സെലക്ട് കമ്മിറ്റിറിപ്പോർട്ടു് സമർപ്പിക്കണം. സെലക്ട് കമ്മിറ്റിയുടെ കോറം നാലായിരിക്കുന്നതാണു്.

MR. DEPUTY SPEAKER: The question is that the Travancore-Cochin Maternity Benefits (Amendment) Bill, 1955 be referred to a Select Committee consisting of :

1. Shri T. K. Divakaran
2. „ K. M. Chandy
3. „ O. R. Chummar
4. „ T. V. Thomas
5. „ Kalathil Velayudhan Nair
6. Shry. K. R. Gouri
7. „ T. C. Lila Devi Amma and
8. the mover; the quorum being four.

The motion was put and carried.

The Travancore-Cochin Lime Shells (Control) Bill.

Minister for Local Self Government (SHRI K. KOCHUKUTTAN): Sir, I beg to introduce the Travancore-Cochin Lime Shells (Control) Bill.

Minister for Works (SHRI K. I. VELAYUDHAN): I second it.

MR. DEPUTY SPEAKER: The Bill stands introduced.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, നമ്മുടെ രാജ്യത്തിൽ വളരെ അധികം ആളുകൾ കക്കാ വാരി ഉപജീവനം കഴിക്കുന്നവരായിട്ടുണ്ടു്. സാധാരണയായി കക്കാ കടലിൽനിന്നും, കായലിൽനിന്നും, കടത്തീരങ്ങളിൽനിന്നും, കായൽപുറമ്പോക്കുകളിൽനിന്നും ധാരാളം ലഭിക്കുന്നു. അങ്ങിനെ ലഭിക്കുന്ന കക്കാ ശേഖരിച്ചു്, കൃഷിക്കും വ്യവസായങ്ങൾക്കും, വീടുകൾ കെട്ടുന്നതിനുംമറ്റും, ധാരാള

10 A. M.

LIBRARY ARCHIVES Kerala Legislative Assembly

മായി ഉപയോഗിച്ചുവരുന്നു. അതിനുംപുറമെ, തിരുവിതാംകൂർ സിമൻറ് ഫാക്ടറിയിലും കക്കാ ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ട്. കക്കാ ധാരാളമായി ഇങ്ങനെ ഉപയോഗിച്ചുവരുന്നതുകൊണ്ട് കാലാന്തരത്തിൽ അതില്ലാതെ ആയേയ്ക്കും. അതുകൊണ്ട് അതിനൊരു നിയന്ത്രണം ആവശ്യമായിരിക്കുന്നു. മാത്രമല്ല, വിലയും നിയന്ത്രിക്കേണ്ടതാവശ്യമാണ്. എന്തുകൊണ്ടെന്നാൽ അതു ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകണം. ഇന്ന് കായലുകളിൽനിന്നും കക്കാ എടുക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കടലിൽനിന്നും, കടൽതീരങ്ങളിൽനിന്നും, കായൽപുറമ്പോക്കുകളിൽനിന്നും കക്കാ വാരുന്നതിനു യാതൊരു നിയന്ത്രണവും ലൈസൻസും ഇല്ല. അതുകൊണ്ട് കടൽതീരത്തുനിന്നും, കായലിൽനിന്നും, കായൽപുറമ്പോക്കുകളിൽനിന്നും മറ്റു വ്യക്തികളുടെ സ്വകാര്യസ്ഥലത്തുനിന്നും കക്കാ വാരുന്നതിനു ഒരു പെർമിറ്റുവയ്ക്കുന്നതു നന്നായിരിക്കും. അതിനു നമ്മുടെ ലാൻഡ് കൺസർവൻസ്ബില്ലിൽ ചില ഭേദഗതികളും വരുത്തേണ്ടിയിരിക്കുന്നു. 1951-ലെ ലാൻഡ് കൺസർവൻസി ആക്ടിന്റ് 8-ാംവകുപ്പനുസരിച്ച് പുറമ്പോക്കുസ്ഥലത്തുനിന്നും ഏതെങ്കിലും വൃക്ഷങ്ങളും അപഹരിക്കുകയോ, നശിപ്പിക്കുകയോ ചെയ്താൽ അങ്ങിനെ നശിപ്പിക്കുന്നവരിൽനിന്നും ഗവണ്മെൻറിനുണ്ടാകുന്ന നഷ്ടം വസൂലാക്കാം. എന്നാൽ അതുമാതിരി പുറമ്പോക്കുസ്ഥലത്തുനിന്നും, കക്കായോ മറ്റേതെങ്കിലും ലോഹങ്ങളോ മാറ്റുകയാണെങ്കിൽ അതിന്റെ നഷ്ടം യാതൊരു തരത്തിലും വസൂലാക്കാൻ നിവൃത്തിയില്ല. അതിനുള്ള വ്യവസ്ഥ ഇന്നു നിലവിലിരിക്കുന്ന ലാൻഡ് കൺസർവൻസി ആക്ടിൽ ഇല്ല. ആ നിലയ്ക്ക് ഗവണ്മെൻറിനു വളരെ നഷ്ടത്തിനും, വ്യവസായമാത്സര്യത്തിനും ഇടവരുന്നതുമാണ്. ഈ ലൈസൻസുപ്രകാരം കായലിൽനിന്നും ഇറച്ചിയില്ലാത്ത കക്കാ വാരുന്നതിനു, അതായതു് ഷെൽവഞ്ചിയിൽ വാരുന്നതിനു് ഒരാൾക്കു് ആണ്ടിന്നു് ഏഴര രൂപയും വഞ്ചി കൂടാതെ അഞ്ചു രൂപയും വരും. എന്നാൽ ഇറച്ചിയുള്ള കറുത്ത കക്കാ വാരുന്നതിനു് വഞ്ചിയുണ്ടെങ്കിൽ അഞ്ചു രൂപയും, വഞ്ചിയില്ലാതെയാണെങ്കിൽ രണ്ടര രൂപയും മാത്രമേ കൊടുക്കേണ്ടതുള്ളു. ഇന്നു് ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകൾക്കു് ഈ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സഹകരണമനഃസ്ഥിതിയോടുകൂടി പ്രവർത്തിക്കുന്നതിനു് ഈ ബില്ലു് വളരെ സഹായകരമായിരിക്കും.

വ്യക്തികളുടെ പതിവുസ്ഥലത്തുനിന്നും ഇപ്പോൾ കക്കാ വാരുന്നതിനു യാതൊരു നിയന്ത്രണവുമില്ല. അതിനും കൂടി നിയന്ത്രണം വരുത്തേണ്ട ആവശ്യമുണ്ട്. എന്തുകൊണ്ടെന്നാൽ ഇവർ വാരിച്ചു് ചുരുങ്ങിയ വിലയ്ക്കു വില്ക്കുന്നു. തൻമൂലം വ്യവസായമാത്സര്യത്തിനിടയാക്കുകയും, വ്യവസായത്തിനു ഹാനി നേരിടുന്നതിനു് ഇടയാക്കുകയും ചെയ്യുന്നു. അതാണു് അതിനും ഒരു നിയന്ത്രണം വേണം എന്നു തീരുമാനിച്ചതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : വ്യക്തികളുടെ സ്ഥലത്തുനിന്നും കക്കാ എടുക്കുന്നതിനെ നിയന്ത്രിക്കാനുള്ള അധികാരമെന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : മണ്ണു്, ലോഹങ്ങൾ ഇവ എടുക്കുന്നതിനു് വ്യക്തികൾക്കു് അധികാരമില്ല. അതുമാതിരി ഒരു നിയന്ത്രണം വച്ചാൽ അതുകൊണ്ടുദ്ദേശിക്കുന്ന ഫലം കക്കാ വാരുന്ന തൊഴിലാളികൾക്കു കിട്ടാനിടയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ ലോഹങ്ങളുടെ കൂട്ടത്തിൽ കക്കായുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയാനാണ് ഞാൻ ചോദിച്ചത്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഉൾപ്പെടുത്തിയിട്ടില്ല. അതിനു കേന്ദ്രഗവണ്മെൻറിനു മാത്രമേ അധികാരമുള്ളൂ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മണ്ണെടുക്കുന്നതു് നിയന്ത്രിക്കാൻ ഗവണ്മെൻറിനു അധികാരമില്ല. പിന്നെ ഈ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതു് ഏതടിസ്ഥാനത്തിലാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ഗവണ്മെൻറിന്റെ അധികാരം ഉപയോഗിച്ചു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : രജിസ്റ്റർഡ് ഹോൾഡിംഗ്സിൽ നിന്നും മണ്ണെടുക്കുന്നതിനെ എതിർക്കാൻ ഒക്കുകയില്ല. അതിൽനിന്നും വ്യത്യസ്തമായി കക്കായെ സംബന്ധിച്ചിടത്തോളം. വല്ല പ്രത്യേകതയുമുണ്ടോ? എന്റെ അറിവു ശരിയാണെങ്കിൽ ഇതു് മൈനിംഗ് ആക്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണു്. സെൻട്രൽഗവണ്മെൻറിന്റെ 1948-ലെ മൈനിംഗ് ആക്ടിന്റെ കൂട്ടത്തിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ടോ ?

(ഉത്തരമില്ല.)

ശ്രീ. കെ. പി. ഗോപാലമേനോൻ : ഈ കക്കാ ചില പ്രധാന വ്യവസായങ്ങൾക്കു് ഉപയോഗിക്കുന്ന അസംസ്കൃതസാധനങ്ങളിൽപ്പെട്ടതല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ.

ശ്രീ. കെ. പി. ഗോപാലമേനോൻ : അതുകൊണ്ടുകൂടിയല്ലേ ഇതിനു ചില നിയന്ത്രണങ്ങൾ ആവശ്യമായി വന്നിട്ടുള്ളതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മണ്ണും ചില വ്യവസായങ്ങൾക്കു് ആവശ്യമുള്ളതല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ. അതു് ഇത്രമാത്രം ലിമിറ്റഡ് കപ്പാസിറ്റിയുള്ളതല്ലല്ലോ.

ശ്രീ. കെ. പി. ഗോപാലമേനോൻ : ചവറയിലെ ലോഹമണൽ ഇതുപോലെ ഉപയോഗപ്പെടുത്തുന്ന ഒന്നല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ.

ശ്രീ. പി. എസ്സ്. നടരാജപിള്ള : Fish includes shell fish, അല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇപ്പോൾ ഷെല്ലുതന്നെ കൺട്രോൾ ചെയ്യുകയല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ കൺട്രോൾ ഗവണ്മെൻറ്സ്ഥലത്തു നിന്നും എടുക്കുന്നതിനു മാത്രമാണുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇതു് തോടു് എടുക്കുന്നതിനെ നിയന്ത്രിക്കുന്ന വ്യവസ്ഥയാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ. വളരെ അധികം സ്വകാര്യ വ്യക്തികൾ അവരുടെ സ്ഥലത്തുനിന്നും കുറഞ്ഞ വിലയ്ക്കു് കക്കാ വാരി വില്ക്കുന്നതുകൊണ്ടു് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വളരെയധികം തൊഴിലാളികൾക്കു് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. അതുണ്ടാകാതിരിക്കുന്നതിനും ഈ കക്കായുടെ കച്ചവടത്തിലും വിലയിലും നിയന്ത്രണം ഏർപ്പെടുത്തുന്നതിനുമുള്ളതാണു് ഈ ബില്ലിലെ പ്രൊവിഷൻസു്. അതുകൊണ്ടു് ഈ തൊഴിലാളികളുടെ രക്ഷയെ കരുതിയും ഈ രാജ്യത്തു മാത്രമുള്ള ഈ കക്കാ കാലാന്തരത്തിൽ നശിച്ചുപോകാതിരിക്കുന്നതിനുംവേണ്ടി ഉണ്ടാക്കുന്ന ഈ നിയന്ത്രണം അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടിത്തന്നെ വീക്ഷിച്ചു് ഈ ബിൽ പാസ്സാക്കിത്തരണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. എ. എ. ഡി. ലൂയിസ് : വേമ്പനാട്ടുകായലിൽനിന്നും കക്കാ വാരുന്നതിനുള്ള മൊത്തപ്പാളി കോട്ടയത്തുള്ള സിമൻറു കമ്പനിക്കു കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല. സർ, താഴെ പറയുന്ന കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സെലക്ടു കമ്മിറ്റിക്കു് ഈ ബിൽ റെഫർ ചെയ്യണമെന്നു് ഞാൻ പ്രൊപ്പോസ് ചെയ്യുന്നു.

1. Shri P. M. Markose
2. ,, T. T. Daniel
3. ,, N. Raghava Kurup
4. ,, Kuttappan Koickal
5. ,, N. Parameswaran Pillai
6. ,, A. Atchuthan
7. ,, Baby John
8. ,, P. J. Sebastian
9. ,, M. A. Antony, and the mover

The quorum will be 4.

Shri K. I. Velayudhan : I second it.

ശ്രീ. എൻ. രാഘവക്കുറുപ്പു് : സർ, ഈ ബില്ലു് സെലക്ടു കമ്മിറ്റിക്കു സമർപ്പിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് മന്ത്രി ഈ സഭയുടെ മുമ്പിൽ ഉന്നയിച്ച അഭിപ്രായങ്ങളോടു് മിക്കവാറും ഞാനും യോജിക്കുകയാണു്. ഈ ബില്ലുകൊണ്ടു് പുറമ്പോക്കു സ്ഥലങ്ങളിൽനിന്നും, കായലുകളിൽനിന്നും കക്കാ വാരുന്നതിനെ നിയന്ത്രിക്കാനുദ്ദേശിക്കുന്നതായി അദ്ദേഹം പറഞ്ഞു. വ്യക്തികൾക്കു് പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും കൂടി കക്കാ വാരുന്നതിനെ നിയന്ത്രിക്കുന്നതു നന്നായിരിക്കും എന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതിലെല്ലാം ഞാൻ അദ്ദേഹത്തോടു യോജിക്കുകയാണു ചെയ്യുന്നതു്. പക്ഷെ, ഈ അവസരത്തിൽ എനിക്കു് ഒരു വിവരം അറിയേണ്ടതായിട്ടുണ്ടു്. അതുകൊണ്ടാണു് ഞാൻ അദ്ദേഹത്തോടു ചോദിച്ചതു്, പതിവു ഭൂമികളിൽനിന്നും സർക്കാർ ഭൂമികളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

കല്ലും, മണ്ണും, വൃക്ഷങ്ങളും മാറ്റുന്നതും, കക്കാ വാരുന്നതും തമ്മിലുള്ള വ്യത്യാസം എന്താണെന്നു്. ഈ ബില്ലിന്റെ സ്റ്റേറ്റുമെന്റു് ആഫ് ഓബ്ജക്ട്സ് ആൻഡു റീസൺസിൽ വ്യക്തമായിട്ടു പറയുന്നുണ്ടു്, പുറമ്പോക്കു സ്ഥലങ്ങളിൽ നിന്നും, രജിസ്റ്റർ ചെയ്ത പതിവു സ്ഥലങ്ങളിൽനിന്നും ഒക്കെ കക്കാ വാരുന്നതിനെ നിയന്ത്രിക്കണമെന്നു്. എന്നാൽ രജിസ്റ്റർ ചെയ്ത ഭൂമിയിൽ നിന്നും കക്കാ വാരുന്നതിനെ നിയന്ത്രിക്കാം. എങ്ങനെ അവിടെനിന്നും ഉടമസ്ഥൻ മണ്ണു നീക്കംചെയ്യുന്നതിനെ നിയന്ത്രിക്കും? കക്കായുടെയും മണ്ണിന്റെയും കാര്യത്തിൽ ഈ ഉടമസ്ഥനുള്ള അവകാശത്തിൽ എന്തെങ്കിലും വ്യത്യാസം കാണേണ്ടതാണു്. അപ്രകാരം എന്തെങ്കിലും വ്യത്യാസം ഇല്ലെങ്കിൽ രജിസ്റ്റർചെയ്ത ഭൂമികളിൽ നിന്നും കക്കാ വാരുന്നതിനെ നിയന്ത്രിക്കുക സാദ്ധ്യമാണെന്നതോന്നുന്നില്ല. എന്റെ അറിവു ശരിയാണെങ്കിൽ 1948-ലോ മറ്റോ സെൻട്രൽ ഗവണ്മെൻറിൽനിന്നും മൈനിംഗ് ആക്ടിന്റെ പരിധിയിൽ കക്കാ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. അതു ശരിയാണെങ്കിൽ തീർച്ചയായും ഈ നിയമംകൊണ്ടു് പ്രത്യേകം പ്രയോജനമില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ ആദ്യമായി അഭ്യർത്ഥിക്കുന്നതു് ഈ ബില്ലു സംബന്ധിച്ചു് കൂടുതൽ നടപടികളും നടത്തുന്നതിനുമുമ്പായി ഇതേ സംബന്ധിച്ചു് ലാ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചു് ആവശ്യമായ വിവരം ശേഖരിക്കണം എന്നാണു്. അല്ലെങ്കിൽ ഈ ബില്ലിലെ വ്യവസ്ഥകളും നിയമവിരുദ്ധമായും ഭരണഘടനാവിരുദ്ധവും ആയിത്തീരും എന്നുള്ളതാണു് എനിക്കു പറയുവാനുള്ളതു്. ഞാനിതുപറയുമ്പോൾ ഞാൻ ഈ ബില്ലിന്റെ തത്വത്തിനു് യാതൊരു വിധത്തിലും എതിരല്ലാ എന്നു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിൽ പറയുന്ന നിയന്ത്രണങ്ങളും ഏറ്റവും അത്യാവശ്യമാണെന്നു പറയുന്ന ഒരാളാണു ഞാൻ. 1948-ലെ മൈനിംഗ് ആക്ടിനെ തുടർന്നു് ലൈംഷെൽ ഇൻഡസ്ട്രിയെ സംബന്ധിച്ചുള്ള ഒരു പബ്ലിക്കേഷനിൽ നിന്നുമാണു് ഞാൻ ഒരു ഭാഗം വായിക്കുന്നതു്. അതായതു്, 1948-ൽ ഭൂപീകരിച്ചിട്ടുള്ള മൈനിംഗ് ലജിസ്ലേഷനിൽ കക്കായേയും മൈനർ മിനറൽസായി ഉൾപ്പെടുത്തീട്ടുണ്ടെന്നാണു്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ഒന്നു വെരിഫൈ ചെയ്യേണ്ടതാണു്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങിനെ ഉണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള ഒരു നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരം ഈ നിയമസഭയ്ക്കാണോ കേന്ദ്രനിയമസഭയ്ക്കാണോ?

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇതു് കൺകറന്റു ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണെന്റെ അഭിപ്രായം. അങ്ങിനെയാണെങ്കിൽ നമുക്കിവിടെ ഒരു നിയമം പാസ്സാക്കിയിട്ടു അതു പ്രസിഡൻറിന്റെ അസ്സെൻറിനുശേഷം നിയമമാക്കാൻ സാധിക്കുമെന്നാണെന്റെ വിശ്വാസം.

ശ്രീ. എൻ. പരമേശ്വരൻപിള്ള : കൺകറന്റു ലിസ്റ്റിൽപ്പെട്ടാലും സ്റ്റേറ്റു ലിസ്റ്റിൽപ്പെട്ടാലും ഒരു പോലെയാണോ സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളമെന്നറിയാമോ? സ്റ്റേറ്റിനെ ബാധിക്കുന്ന കാര്യത്തിനു് ഇവിടെ നിയമം പാസ്സാക്കിയാൽ മതിയല്ലോ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കൺകറന്റു ലിസ്റ്റു് എന്നു വച്ചാൽ എന്താണെന്നു മനസ്സിലാക്കിയിട്ടില്ലാ എന്നു് തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതു പറയുമ്പോൾ ഒരു കാര്യം എനിക്കീ സഭയെ അറിയിക്കുവാനുണ്ട്. ഇന്നു് മിക്കവാറും കക്കാ വ്യവസായം സഹകരണസംഘങ്ങൾ മുഖേനയാണു് നടത്തിവരുന്നതു്. കക്കാ വാരുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളാണു് ഈ സംഘങ്ങളിലെ അംഗങ്ങൾ; മിക്കവാറും എന്നല്ല മുഴവനുംതന്നെ. ഈ ബിൽ നിയമമാകുമ്പോൾ അവക്കു് കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണു്. ഇന്നു് മൂലധനം മുടക്കി ലാഭത്തിനുവേണ്ടി ചെയ്യുന്ന ഒരു വ്യവസായമായി ഇതു മാറിയിട്ടില്ല. കക്കാ വാരി വിതരണം ചെയ്യുന്ന തൊഴിൽ മുതലാളിമാർക്കു് ചൂഷണത്തിനുള്ള ഒരു വ്യവസായമായി മാറാതിരിക്കാൻ നാം തീർച്ചയായും ശ്രദ്ധിക്കണം. ഈ ബില്ലിന്റെ രണ്ടാമത്തെ വകുപ്പിൽ 'ഡീലർ' ആരാണു് 'പ്രൊഡ്യൂസർ' ആരാണു് എന്നു നിർവചിക്കുന്നുണ്ടു്. ഇതനുസരിച്ചു് ഗവണ്മെൻറിൽനിന്നും ലൈസൻസു കിട്ടിയിട്ടുള്ള ആക്കും കക്കാ വാരാം. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുമരകത്തു് വളരെ വിപുലമായ തോതിൽ ഈ വ്യവസായം നടക്കുന്നുണ്ടു്. അതു മുഴവൻ തൊഴിലാളികളെക്കൊണ്ടു നിറഞ്ഞിട്ടുള്ള സഹകരണസംഘങ്ങളുടെ മേൽനോട്ടത്തിലാണു്. എന്നാൽ ഇന്നു് അവിടെ അനേകായിരം ടൺ കക്കാ കുന്നുകൂടിക്കിടക്കുകയാണു്. അതിനുള്ള പ്രധാന കാരണം—ആ സഹകരണസംഘത്തിലെ പ്രവർത്തകന്മാരുടെ സംസാരത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചതു്—മറ്റു സ്ഥലങ്ങളിൽ കായലിൽനിന്നും യാതൊരു നിയന്ത്രണവും കൂടാതെ കർഷകമുതലാളികൾ കക്കാ വാരി കുറഞ്ഞ വിലയ്ക്കു വിൽക്കുന്നു എന്നാണു്. കർഷകർ കക്കാ വാരുന്നതു് നിലം നന്നാക്കുന്നതിനുവേണ്ടിയാണു്. നിലം നന്നാക്കുന്നതിനുവേണ്ടി കുറെ പണം ചെലവു ചെയ്യാൻ, നിലമുടമസ്ഥന്മാർ അങ്ങനെ നിലം നന്നാക്കുമ്പോൾ കിട്ടുന്ന കക്കാ മാക്കറ്റു വിലയിൽ കുറച്ചുവിൽക്കാൻ തയ്യാറാണു്. ആ കൃഷിക്കാർക്കാണെങ്കിൽ കക്കായുംകിട്ടും കൃഷിഭൂമി നന്നാവുകയുംചെയ്യും. അതുകൊണ്ടു് കുറഞ്ഞവിലയ്ക്കു മാക്കറ്റിൽ കക്കാ വിൽക്കാൻ അവർ തയ്യാറാണു്. അങ്ങനെയാണു് ഇന്നു കുമരകത്തു് കക്കാ സഹകരണസംഘത്തിൽ വാരിയെടുത്തിട്ടുള്ള കക്കാ വിറ്റഴിക്കാൻ സാധിക്കാതെ കുന്നുകൂടി കിടക്കുന്നതു്. അതിനാൽ കക്കാ മാക്കറ്റു റേറ്റിൽ വിൽക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. കർഷകമുതലാളിമാർ കൈവശം വച്ചിരിക്കുന്ന കായൽനിലങ്ങളിൽനിന്നും വാരുന്ന കക്കാ മാക്കറ്റിൽ കുറഞ്ഞവിലയ്ക്കു കൊണ്ടുവരുന്നതിനെ തടസ്സപ്പെടുത്തേണ്ടതാണു്. അതിലേയ്ക്കു വ്യക്തമായ ചില നിർദ്ദേശങ്ങൾ നൽകാനുണ്ടു്. ഈ ബിൽ പാസ്സായാൽ ലൈസൻസു് ആക്കുവേണമെങ്കിലും എടുക്കാം. ലൈസൻസിംഗ് അതാറിട്ടിക്കു ന്യായമെന്നു തോന്നുന്ന ആക്കും ലൈസൻസു കൊടുക്കാം. ഈ വ്യവസ്ഥ മാറ്റി കക്കാ വാരുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ മാത്രം ഉൾപ്പെട്ട സഹകരണസംഘങ്ങൾക്കു മാത്രമേ ലൈസൻസ് കൊടുക്കൂ എന്നു വ്യവസ്ഥചെയ്യണം. അങ്ങനെയായാൽ മുതൽമുടക്കി ലാഭത്തിനുവേണ്ടിയുള്ള ഒരു വ്യവസായമായി ഇതിനെ മാറാതിരിക്കാൻ സാധിക്കും.

മറ്റൊരു സംഗതികൂടി എനിക്കു പറയുവാനുണ്ടു്. ഇന്നു കക്കാ വാരുന്നതിനെ നിയന്ത്രിക്കുന്നതിനു് യാതൊരു നിയമവുമില്ലെന്നു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതു ശരിയല്ല, സർ. 1948-ലെ സെൻട്രൽ ഗവണ്മെൻറു് നിയമം അനുസരിച്ചു്, അനിയന്ത്രിതമായി കക്കാ വാരുന്നതിനു് ഒരു വ്യക്തിക്കു് അധികാരമില്ല. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

ഇന്ന കാൺഗ്രസ്സ് പാർട്ടിയിൽപ്പെട്ട ചില ആളുകൾ ആ നിയമം ലംഘിച്ചുകൊണ്ട് അവരുടെ കായലുകളിൽനിന്നും, നിലങ്ങളിൽനിന്നും, അധികാരമില്ലാതെ, കക്കാ വാരി കൂറെത്ത വിലയ്ക്ക് വിറ്റഴിക്കയാണ്. ഗവണ്മെൻറിനു്, അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്കു്, ധൈര്യമുണ്ടെങ്കിൽ അതിനെ തടയണം എന്നു് ഞാൻ ആവശ്യപ്പെടുന്നു. ശ്രീ. കെ. എം. കോരയെപ്പോലെയുള്ള കർഷക മുതലാളികൾ ഇന്നും ഇതു നടത്തുന്നുണ്ടെന്നു് ഞങ്ങൾക്കറിയാം. അവർ ഇന്നും നിയമവിരുദ്ധമായി കക്കാ വാരുന്നുണ്ടു്. അങ്ങിനെ വാരുന്നതും ആ കക്കായെ കൂറഞ്ഞവിലയ്ക്ക് വിൽക്കുന്നതും നിയമവിരുദ്ധമാണു്. അതിനെ നിയമത്തിനകത്തു കൊണ്ടുവരണം. ലൈസൻസു് കായൽ ഉടമസ്ഥനു കൊടുക്കണം. അതാണു് ഈ ബില്ലുകൊണ്ടു സാധിക്കുന്നതു്.

സർ, ഈ ബിൽ കിട്ടിയപ്പോൾത്തന്നെ, കക്കാ തൊഴിലാളി സഹകരണസംഘത്തിലെ ആളുകളെ കണ്ടു് ഇക്കാര്യത്തെപ്പറ്റി ഞാൻ സംസാരിക്കുകയുണ്ടായി. അവർ പറഞ്ഞതു് ശ്രീ. കെ. എം. കോരയും മറ്റും ഗവണ്മെൻറിനു് എതിരായിട്ടു് ഇപ്പോൾ പ്രക്ഷോഭണം കൊണ്ടുവന്നിരിക്കുന്നതുകൊണ്ടു് അവരെ തൃപ്തിപ്പെടുത്താനായിട്ടാണു് ഈ ബിൽ ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് എന്നാണു്. അതു് ശരിയായിരിക്കാം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കക്കായും കോരയും തമ്മിലുള്ള ബന്ധം എന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഈ ചോദ്യത്തിനു് മറുപടി പറയണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ശ്രീ. കോരയ്ക്കും ശ്രീ. കളത്തിൽ വേലായുധൻ നായർക്കുമ്മിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ എന്തിനെന്നെ അതിനിടയ്ക്കു് എടുത്തിടണം?

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, പ്രസക്തമല്ലാത്ത സംഗതികൾ ഇവിടെ ആവശ്യമില്ലാതെ പ്രസ്താവിക്കുന്നതു ശരിയാണോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ശ്രീ. കളത്തിലിനു് ശ്രീ. കോരയെ നല്ലതുപോലെ അറിയാം. ശ്രീ. കോരയ്ക്കു് കക്കായുമായിട്ടുള്ള ബന്ധം എന്തെന്നറിവില്ലാഞ്ഞിട്ടല്ലാ ഈ ചോദ്യം ചോദിക്കുന്നതു്. ഈ വിവരം അറിയാതിരിക്കുന്നതിനു് ശ്രീ. വേലായുധൻനായരെപ്പോലെ ഞാൻ അത്ര മഠയനല്ല. സർ, ശ്രീ. വേലായുധൻനായരുടെ ഈ ശ്രമം ശരിയല്ല. അദ്ദേഹം തോക്കിൽകയറി വെടിവയ്ക്കാൻ ശ്രമിക്കുകയാണു്.

ശ്രീ. കെ. സി. എബ്രഹാം: സർ, പായിൻറ് ഓഫ് ഓർഡർ. ഈ സഭയിലിരിക്കുന്ന ഒരു മെംബറെ വേറെ ഒരു മെംബർക്കു മഠയൻ എന്നു പറയാമോ?

ശ്രീ. കെ. സി. ജാർജ്ജു്: ഓഹോ, പറയാം. മിടുക്കനെന്നു പറയുന്നതുപോലെതന്നെ മഠയനെന്നും പറയാം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: തോക്കിൽ കയറി വെടിവയ്ക്കുന്നതിനു തോക്കും കൊണ്ടുവന്നിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇവരെ നേരിടുന്നതിനു് ഈ തോക്കു കൊണ്ടു തന്നെ വേണ്ട സാർ.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഞാൻ ചോദിച്ച ചോദ്യത്തിനു ഇതേവരേ മറുപടി പറഞ്ഞില്ല. അതായതു് കോരയും കക്കായും തമ്മിലുള്ള ബന്ധം എന്താണെന്നു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കോരയും കക്കായും കായലിൽ വളരുന്നതാണെന്നു് ഈ ഭാഗത്തു ചില ആളുകൾ പറയുന്നു.

അതുകൊണ്ടു് കക്കാ വാരി ഉപജീവനം കഴിക്കുന്ന തൊഴിലാളികൾക്കു പ്രയോജനം ഉണ്ടാകത്തക്കവിധത്തിൽ ഈ ബില്ലിൽ വേണ്ട മാറ്റങ്ങൾ വരുത്തണമെന്നാണു് എന്റെ അഭിപ്രായം. കർഷക തൊഴിലാളികൾ കക്കാ വാരുന്നതു് നിലം നന്നാക്കാനാണു്. അതുകൊണ്ടു് അവർക്കു് കക്കാ കുറഞ്ഞ വിലയ്ക്കു വിൽക്കാൻ സാധിക്കുന്നു. കക്കാ വാരൽ സഹകരണസംഘങ്ങൾക്കു മാത്രം അവകാശപ്പെടുത്തണം. അങ്ങനെയായാൽ കക്കാ തൊഴിലാളികൾക്കു് ഗുണവും ലഭിക്കും. കക്കാ വാരുന്നതിനുള്ള മൊണോപ്പളി സഹകരണസംഘത്തിനു വിട്ടുകൊടുക്കുകയും വേണം.

അതുപോലെതന്നെ ഈ ബില്ലിലുള്ള ഓരോ വകുപ്പിലും മാറ്റം വരുത്താനുണ്ടു്. അതു ഇപ്പോൾ വിശദമായി സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നില്ല. വ്യക്തികൾക്കു ലൈസൻസു് കൊടുക്കണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽത്തന്നെയും, ഉപഭോക്താക്കൾക്കു കൂടി ഗുണം സിദ്ധിത്തക്കനിലയിൽ ലൈസൻസു ഉപയോഗപ്പെടുത്താൻ സാദ്ധ്യതയുള്ള ആളുകൾക്കു് ലൈസൻസു് കൊടുക്കണം. കക്കാ വാരുന്നതിനു് യന്ത്രം ഉപയോഗിക്കുന്ന കാര്യം ഇവിടെ ചില മെമ്പർന്മാർ പറയുകയുണ്ടായി. യന്ത്രം ഉപയോഗിച്ചു് പണികൾ നടത്തുന്നതിനു് ഞങ്ങളുടെ പാർട്ടി ഒരിക്കലും എതിരല്ലാ. എന്നാൽ തൊഴിലില്ലായ്മ മൂലം നൃത്തിൽ ഇരിക്കുന്ന ഇക്കാലഘട്ടത്തിൽ യന്ത്രമുപയോഗിച്ചു് കക്കാ വാരുന്നതിനനുവാദം നൽകുന്ന കാര്യം സൂക്ഷിക്കണം. യന്ത്രം ഉപയോഗിക്കാൻ അനുവദിക്കുന്നതുകൊണ്ടു് മുതലാളിമാർക്കു് ചൂഷണം ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയില്ലേ എന്നു ഞാൻ സംശയിക്കുന്നു.

ഞാൻ പറഞ്ഞ സംഗതികൾ സെലക്ഷൻ കമ്മിറ്റി ശ്രദ്ധിച്ചു് ബില്ലിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. കെ. പി. ഗോപാലമേനോൻ : സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയും, സെലക്ഷൻ കമ്മിറ്റിക്കയയ്ക്കണമെന്നുള്ള നിർദ്ദേശത്തെ സ്വീകരിക്കുകയും ചെയ്യുന്നു. ഈ ബിൽ പരിഗണനയ്ക്കെടുക്കുന്ന അവസരത്തിൽ ഒരു സംഗതികൂടി ആലോചനയ്ക്കെടുക്കണമെന്നു് ഈ സഭയുടെ മുൻപാകെ എനിക്കൊരഭ്യർത്ഥനയുണ്ടു്. ഇന്നു് കക്കാവ്യവസായത്തിൽ, കക്കാ വാരിയെടുക്കുന്നതിലും വിൽക്കുന്നതിലും സഹകരണസംഘങ്ങളും, വ്യക്തികളും ഏർപ്പെട്ടിരിക്കുന്നുണ്ടു്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ അധികവും സാധുക്കളായ തൊഴിലാളികളാണു്. വടക്കൻ തിരുവിതാംകൂറിൽ ഈ തൊഴിൽ നടത്തി ജീവിക്കുന്ന ധാരാളം തൊഴിലാളികൾ ഉള്ളതായി എനിക്കു നേരിട്ടറിയാം. കക്കാ വാരുന്ന ജോലി പരിചയ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. പി. ഗോപാലമേനോൻ]

മുള്ള തൊഴിലാളികളെ ഏല്പിച്ച്, കക്കാ വാരിക്കുകയും, അതിൽനിന്ന് ലാഭം എടുക്കുകയും ചെയ്യുന്ന മുതലാളിമാരും ഇല്ലാതില്ല. ഇതിനംപുറമെ കക്കാനീറ്റി എടുക്കുകയും, മറ്റു ചില വ്യവസായങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ കക്കാ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഇറച്ചിയുള്ള കക്കാ വാരി അതുകൊണ്ട് ഉപജീവിക്കുന്ന ഒരു കൂട്ടരുണ്ട്. കക്കാ വാരി അതിന്റെ ഇറച്ചിവിറ്റാണ് അവർ ജീവിക്കുന്നത്. വളരെവളരെ സാധുക്കളായ ആളുകൾ കൂട്ടംകൂട്ടമായി ദിവസവും വെള്ളം കേറുള്ള കായലുകളിലും, തോടുകളിലും, പുഴകളിലും മറ്റും മുങ്ങി വാരിയെടുക്കുന്ന ഇറച്ചിയുള്ള കക്കാ വിറ്റ്, ഉപജീവിച്ചുവരുന്നുണ്ട്. ഇതു സംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്തുമ്പോൾ സാധുക്കളായ ഇക്കൂട്ടരുടെ ഉപജീവനമാർഗ്ഗത്തെ അതു് എങ്ങിനെ ബാധിക്കുമെന്നുകൂടി സെലക്ട് കമ്മിറ്റി പര്യാലോചിക്കേണ്ടതുണ്ട്. ഇന്നു് ലൈസൻസു് സിസ്റ്റം നടപ്പിലുണ്ടെന്നു പറയുന്നു. ലൈസൻസു് വ്യവസ്ഥകൾ വേണ്ട വിധത്തിൽ പ്രയോഗത്തിൽ വരുത്താൻ സാധിച്ചിട്ടില്ലെന്നാണ് കാണുന്നതു്. ഇങ്ങനെ ലൈസൻസു കൊടുക്കാനുള്ള അധികാരം ഫിഷറീസു് ഡിപ്പാർട്ടുമെന്റിനാണെന്നു് അവർ പറയും. എന്നാൽ റവന്യൂ ഡിപ്പാർട്ടുമെന്റിനും അതിനുള്ള അധികാരമുണ്ടെന്നുള്ള നിലയിൽ അവരുടെ കൈകടത്തലുകൾ ഉണ്ടായിട്ടുള്ള അനുഭവങ്ങളും ധാരാളമുണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള വൈഷമ്യങ്ങൾ ഉണ്ടാകാതിരിക്കാൻ ലൈസൻസു് സിസ്റ്റം ഏർപ്പെടുത്തുമ്പോൾ ഒന്നിലധികം ഡിപ്പാർട്ടുമെൻറുകളുടെ കൈകടത്തലുകളും അതുമൂലമുള്ള കുഴപ്പങ്ങളും ഉണ്ടാകാതെ, ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിനു് കൈകാര്യം ചെയ്യാനുള്ള അധികാരം നൽകുന്നതിനു് ഈ ബില്ലിൽ വേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണു്. ഇന്നു് ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കും, ഇറച്ചിയുള്ള കക്കാ വാരി ഉപജീവിക്കുന്ന സാധുക്കളായ തൊഴിലാളികൾക്കും യാതൊരു വിധത്തിലും ഉപദ്രവമുണ്ടാകാത്ത വിധത്തിലുള്ള ഒരു ലൈസൻസുസിസ്റ്റമാണു് സ്വീകരിക്കേണ്ടതു്.

അതുപോലെതന്നെ കാലം ചെല്ലുംതോറും നമ്മുടെ നാട്ടിൽ കക്കാ ലഭിക്കുന്നതിനുള്ള സൗകര്യം ഇല്ലാത്ത ഒരവസ്ഥയുണ്ടാകാതിരിക്കുന്നതിനായി ഒരു നിയന്ത്രണം ഇക്കാര്യത്തിൽ ആവശ്യമായിരിക്കുകയാണു്. ഉദാഹരണത്തിനു പറയുകയാണെങ്കിൽ, 'തുരുത്തിപ്പുറം' എന്ന സ്ഥലത്തു് കക്കാ എളുപ്പത്തിൽ വാരിയെടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നു. ഇറച്ചിക്കു വേണ്ടിയുള്ള കക്കായല്ല, വെളുത്ത കക്കാ—പല വ്യവസായങ്ങൾക്കും ഉപയോഗിക്കാവുന്ന കക്കാ—സുലഭമായി കിട്ടിയിരുന്നു. കാലക്രമേണ അതു് കുറഞ്ഞുകുറഞ്ഞു് ഇപ്പോൾ ഇല്ലാതായിരിക്കുകയാണു്. ഇങ്ങനെ വിഭവങ്ങൾ പുറത്തേയ്ക്കു കടത്തിയും മറ്റും ഇല്ലാതാക്കുന്ന ഒരു പരിതഃസ്ഥിതി ഉണ്ടാകാത്ത വിധത്തിൽ ആവശ്യമായ നിയമമാണുണ്ടാകേണ്ടതു്. അതേ സമയം ഇതിൽ ഏർപ്പെട്ടിരിക്കുന്ന സാധുക്കളായ തൊഴിലാളികളുടെ കാര്യവും ശ്രദ്ധിക്കേണ്ടതാണു്. ലൈസൻസു സിസ്റ്റം ഒരു മൊണോപ്പളി എന്ന നിലയിൽ വ്യക്തികൾക്കായാലും, കോവാപ്പറേറ്റീവു് സൊസൈറ്റികൾക്കായാലും കൊടുക്കാൻ പാടില്ല. വളരെ അധികം ആളുകൾ ഈ തൊഴിൽചെയ്തു് ഉപജീവിക്കുന്നുണ്ടു്. പ്രൊഡ്യൂസർ ആൻഡു് ഡീലർ ആക്ടിന്റെ ഡഫനിഷനിൽത്തന്നെ ആവശ്യമായ ഭേദഗതി വരുത്തി എത്രയും വിപുലമായ തോതിൽ, സൊസൈറ്റികൾ

LIBRARY ARCHIVES Kerala Legislative Assembly

വഴി ആയാലും, മറ്റ സംഘടനകൾവഴി ആയാലും അനവധി ആളുകൾക്ക ജോലിയും പ്രയോജനവും ഉണ്ടാകത്തക്ക വിധത്തി , സാധുക്കളായ ധാരാളം ആളുകളുടെ ഉപജീവനമാർഗ്ഗമായി ഇതിനെ സംരക്ഷിച്ചുപോരുന്നതിനുള്ള നിയമനിർമ്മാണമാണ് ഈ സഭ നിർവ്വഹിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഈ കാര്യത്തിൽ സെലക്ഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

SHRI P. S. NATARAJA PILLAI: Sir, I think that the Bill now under discussion is a very important measure affecting our economic activity. Lime shell is a necessity for agricultural operations in this country. It is very often urged by the experts that this form of calcium carbonate or lime-shell is very necessary to increase the productive capacity of the alkaline lands of the State. The quantity of lime shell available is also limited. As you all know this is the shell of a living creature. In Travancore we have two different kinds of shells, the black and the white. The white are deposits of dead shell fish. The black shells are the shells of live shell fish. In the geographical position of the Vembanad lake, on the western side adjoining the sea we have got the live shell or the black and the white shell deposits on the eastern coast. If indiscriminate exploitation is not prevented there is the possibility of this available source of natural manure of rare quality being lost. Therefore it is the prime duty of the state to conserve this natural resource. The object of the bill as stated in the statement of objects and reasons is "to conserve this commodity to the extent possible". It is also considered necessary to prevent the depletion of these resources, and to regulate the supply and their distribution. The operative portion of the bill shows that it is intended only to regulate the supply and distribution. It does not go beyond that. I am compelled to make these observations because of the point raised by my friend Mr. Kurup that mining is a central subject and there is a Notification that lime is a mineral. I do not go into the question of the classification of this object as a mineral. I do not want to dwell upon it. The central authority is with regard to mining operations and not on the things mined. The mining operation is an exclusive central subject, — what control has to be enforced etc., — are within the jurisdiction of the centre. If it is the processing or mining then the state Government have no right over it. What this legislation intends to do and what the Government propose to do at the present moment is only to regulate the supply and distri-

LIBRARY ARCHIVES Kerala Legislative Assembly

[Shri P. S. Nataraja Pillai]

bution of lime shell, even if it is classified as a mineral. You will not find a single provision in the Bill to regulate mining as such. Incidentally it may be stretched that collecting shell is mining. But I do not think it trenches upon the central sphere of legislation. It is perfectly within the jurisdiction of this House to regulate the supply and distribution of a commodity which is available in the State.

SHRI R. SANKARANARAYANAN THAMPI: The process of collecting shells must necessarily come under the operation of mining and it has to be included in the mining operation.

SHRI P. S. NATARAJA PILLAI: Whether collection is mining, I do not know. It is a matter of definition and interpretation.

SHRI R. SANKARANARAYANAN THAMPI: Anyway it is not beyond doubt.

SHRI P. S. NATARAJA PILLAI: As far as regulation there is no doubt at all. Therefore only this Bill is drafted in this way. It is only regulating and distributing the shells. Whether it will become mining is doubtful.

SHRI A. THANU PILLAI: Let us not entertain too many doubts against our interests.

SHRI P. S. NATARAJA PILLAI: I believe it is within the competance of this House and the Government to legislate on this matter. Therefore only I was tempted to make these observations. I do not think there is any necessity to doubt our right of control over the commodities which are in our possession and which has not been objected to by any other authority.

I would request the Select Committee, now that it has been nominated, to go into the question of definition with a little more care especially the definition of lime shell. We have a definition here. As I told the House, at present there are two different varieties of shells, white and black. Whether black lime shell will come under this difinition is a doubtful matter. Unless that is done I do not think all the troubles and woes which were pointed out on the floor of the House by Mr. Kurup can be avoided. An attempt must be made to bring black shells within the definition. That is absolutely necessary.

I may also make one other observation. It will be better if the Bill becomes Act at an early date. Conditions

LIBRARY ARCHIVES Kerala Legislative Assembly

are very bad at present. It has been the policy of the Travancore Government to take jurisdiction over the lime-shells under the Fisheries Act which was in existence for the last 25 years. Travancore Government actively encouraged collection of lime-shells through Co-operative societies. They have appointed a separate officer from the co-operative Department to be in charge of this work. There are one or two co-operative societies which do very good business. But they have found it impossible during the course of the last two or three years to carry on their normal activities because of the indiscriminate and, I may say unjust keen competition from the private land owners who collect shells without the permission of the Government because there were lapses in the laws as it existed then. Effective control could not be exercised under the Fisheries Act. There were other lacunae in the law as it stood. This matter is very important. I would only request the House to give its unanimous support to make necessary changes so as to make the bill more effective to conserve this commodity to the extent possible, to prevent depletion, to prevent monopoly and profiteering in this trade. With these words I support the motion.

ശ്രീ. ഡി. വിവേകാനന്ദൻ : സർ, സെലക്ഠകമ്മിഠിയുടെ പരിഗണനയ്ക്കായി ഒന്നരണ്ടു കായ്കൂടിം ഇവിടെ പ്രസ്താവിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. നമ്മുടെ സ്റ്റേഠിലെ വ്യവസായമേഖലയിൽ വികസനസാദ്ധ്യതയുള്ള ഒരിനമാണു്, ഈ ബില്ലിനു വിധേയമായിരിക്കുന്നതു്, തിരുവിതാംകൂർ, വടക്കൻപ്രദേശങ്ങളായ പാറവൂർ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഈ വ്യവസായത്തിൽ ഇടപെടുന്ന പതിനായിരത്തോളം കക്കാവ്യവസായ സഹകരണസംഘങ്ങളും ഉണ്ടെന്നാണു് എനിക്കറിയാൻ സാധിച്ചിട്ടുള്ളതു്. ഈ സഹകരണസംഘങ്ങൾക്കു് ആവശ്യമായ സഹായങ്ങളും ചെയ്തുകൊടുക്കുക എന്നുള്ളതു്, തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി, തൊഴിലാളികൾതന്നെ നടത്തുന്ന സഹകരണസംഘങ്ങളും എന്ന നിലയിൽ ആ വ്യവസായങ്ങളും വികസിപ്പിക്കാനാവശ്യമായ സഹായങ്ങളും നൽകുക എന്നുള്ളതു് സർക്കാരിന്റെ ചുമതലയാണു്. എനിക്കു മുൻപു് ഇവിടെ പ്രസംഗിച്ച ചില സ്നേഹിതന്മാർ കായലിൽനിന്നും എടുക്കുന്ന കക്കായെപ്പറ്റി പ്രതിപാദിക്കുകയുണ്ടായി. അതുകൂടാതെ കടലിൽനിന്നും എടുക്കുന്ന ഒരുതരം കക്കായുണ്ടു്. Conch shell എന്നാണതിനെ വിളിക്കുന്നതു്. 'കൊഞ്ചുഷെൽ' എടുത്തുവരുന്നതെങ്ങിനെയെന്നും അതെന്താണെന്നും ഇവിടെ എല്ലാവർക്കും അറിയാമോ എന്നു് ഞാൻ സംശയിക്കുന്നു. നമ്മുടെ അമ്പലങ്ങളിൽ കാണുന്ന ശംഖാണിതു്. ഇതിന്റെ ഉപയോഗം എന്താണെന്നു് ഈ രാജ്യത്തു് അധികംപേർക്കും അറിഞ്ഞുകൂടാ. അമ്പലങ്ങളിൽ ഉപയോഗിക്കാൻ കൊള്ളാമെന്നുള്ളതിൽക്കവിഞ്ഞു്, വ്യവസായസംബന്ധമായ മറെറന്തെങ്കിലും ആവശ്യത്തിനു് ഉപയോഗിക്കുന്നതായി അധികംപേർക്കും അറിവില്ലെന്നാണു് തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നടരാജപിള്ള : ഇപ്പോൾ ഫിഷറി ഡിപ്പാർട്ട മെന്റിൽനിന്നും, ശംഖ് എടുക്കുന്നതിന് പ്രത്യേകം ലൈസൻസു കൊടു ക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. ഡി. വിവേകാനന്ദൻ : അറിയാം. സാധാരണ പൊതുജന ങ്ങൾ അതിനെപ്പറ്റി പൂർണ്ണമായി ധരിച്ചിട്ടില്ല. നെയ്യാറിൻകരതാലൂ ക്കിനോട് തൊട്ടുള്ള കടലിൽനിന്നും, കോവളത്തിനടുത്ത ഭാഗങ്ങളിൽ നിന്നും, ശംഖ് എടുക്കുന്നുണ്ട്. അതുപോലെ തെക്കൻതിരുവിതാംകൂറിൽ കളച്ചിലിനടുത്തും ശംഖ് മുങ്ങിയെടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുറേപ്പേരുണ്ട്. കടലിൽ 20-ം 25-ം അടി താഴെ പത്തും പതിനഞ്ചും മിനിട്ടുനേരം മുങ്ങിക്കിടന്ന് കടലിന്റെ അടിഭാഗത്തുനിന്നും തപ്പിയെടു ക്കുന്ന ഒരു സമ്പ്രദായമാണിതു്. തങ്ങളുടെ ജീവൻ പണയംവച്ചും പ്രവൃ ത്തിയെടുക്കുന്ന ഈ വിഭാഗക്കാരെപ്പറ്റി, അത്യന്തകഠിനമായ കഴിവുകളുള്ള ഈ ഡൈവേഴ്സിനെപ്പറ്റി നാം വേണ്ടരെയൊന്നും ശ്രദ്ധിച്ചിട്ടില്ല. അവർ മുങ്ങിയെടുക്കുന്ന ശംഖിനു് ക്രമമായ വിലപോലും കൊടുക്കാതെയാണ് ഇക്കഴിഞ്ഞ കാലമത്രയും അതു് കൺട്രാക്ടർമാർ വാങ്ങിയെടുത്തിരു ന്നതു്. അടുത്ത കാലംവരെ ഇതെടുത്തുകൊണ്ടു വരുന്നവർക്കു് ശംഖൊന്നിനു ശരാശരി നാലണയാണ് കൊടുത്തുവന്നിരുന്നതു്. ലൈസൻസുള്ള കൺ ട്രാക്ടറും, സബ് കൺട്രാക്ടർമാരും ശംഖ് തുച്ഛമായ വിലയ്ക്കു് വാങ്ങിച്ചു് കൂടുതൽ വിലയ്ക്കു് കയറ്റി അയയ്ക്കുകയാണ് ചെയ്യുക. അതി നകത്തുള്ള മാംസം ആഹാരം കഴിക്കുന്നവർ ഉണ്ടെങ്കിലും ധാരാളമായി കിട്ടുമ്പോൾ മിക്കവാറും അതുപയോഗിക്കാതെ കളയുകയാണു ചെയ്യുന്നതു്. അങ്ങനെ അതിനകത്തുള്ള മാംസം കളഞ്ഞതിനു ശേഷം ഈ ശംഖ് ഇവിടെനിന്നും ബംഗാളിലേയ്ക്കു് കയറ്റുമതി ചെയ്യുന്നു. അവിടെ ഇതു കൊണ്ടു്, നമ്മുടെ ഇവിടത്തെ ഐവറി കാർവിംഗ് പോലെ ചില പണികളും നടത്തി വളകളും മോതിരങ്ങളും മറ്റും ഉണ്ടാക്കുന്നു. ബംഗാ ളിലുള്ള ഹിന്ദുസ്ത്രീകൾ വിവാഹം കഴിഞ്ഞതിനുശേഷം മരണംവരെ ഈ വളയോ, മോതിരമോ ഉപയോഗിക്കണം എന്ന ഒരാചാരം അവിടെ ഉണ്ടത്രെ. ഈ ശംഖു് സംഭരിച്ചു് അയയ്ക്കുന്നതു് ലേയ്ക്കു് ലൈസൻസ് വാങ്ങിയിട്ടുള്ള ഒരാൾ തേങ്ങാപ്പട്ടണത്തുണ്ടു്. അയാൾ കൊല്ലംതോറും ഈ കച്ചവടംവഴി പതിനായിരക്കണക്കിനു ലാഭം ഉണ്ടാക്കുന്നു. കഴിഞ്ഞ കൊല്ലം മുതൽ വ്യക്തികൾക്കു് ലൈസൻസു് കൊടുക്കുകയില്ലെന്നും സർ ക്കാരെന്നു് തീരുമാനിച്ചുവെന്നായി അറിയുന്നു. അതിലെത്രത്തോളം വാസ്തവ മുണ്ടെന്നു് അറിവില്ല. അങ്ങനെ തീരുമാനിച്ചുവെങ്കിൽ അതൊരു നല്ല കാര്യമാണു്. ശംഖു് ഒന്നിനു നാലണ കൊടുത്തു് വാങ്ങിയതിനു ശേഷം വിൽക്കുമ്പോൾ ഇവർക്കു് രണ്ടര മുതൽ ഏഴര രൂപ വരെയാണ് വിലകിട്ടു ന്നതെന്നറിയുമ്പോൾ, ഡൈവിംഗ്ജോലിയിൽ ഏർപ്പെടുന്ന തൊഴിലാളി കൾ എത്രയേറെ ചൂഷണംചെയ്യപ്പെടുന്നു എന്നു് മനസ്സിലാകും. അതു കൊണ്ടു് ഇതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾമാത്രം അടങ്ങിയ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്തിരിക്കുന്നു. ആ സംഘത്തിനു ലൈസൻസു കൊടുക്കുകയും, സ്വകാര്യവ്യക്തികൾക്കു് ലൈസൻസു കൊടുക്കുകയില്ലെന്നു നയം സ്വീകരിക്കേണ്ടതുമാണു്. ആ അവകാശം സംഘങ്ങൾക്കു മാത്രം മതിയാകുമെന്നു് ശംഖിന്റെയും കക്കായുടേയും കാര്യത്തിൽ ഗവണ്മെന്റു് തീരുമാനിക്കണം. ശംഖെടുക്കുന്ന തൊഴിലാളികൾക്കു് സ്പെഷ്യൽ ടെയി നിംഗ് കൊടുക്കുന്ന പക്ഷം ബംഗാളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ ഇവി

LIBRARY ARCHIVES Kerala Legislative Assembly

ടെത്തന്നെ ഉണ്ടാക്കാൻ കഴിയുമെന്നു മാത്രമല്ല, തൻമൂലം അനേകം തൊഴിലാളികുടുംബങ്ങളെ രക്ഷിക്കാൻ സാധിക്കുകയും ചെയ്യും. ഒരു കുടിൽ വ്യവസായമെന്ന നിലയിൽ ഇതിനെ വികസിപ്പിക്കാൻ സാധ്യതയുണ്ട്. ഗവണ്മെൻറ് അതിലേയ്ക്കു വേണ്ട പ്രോത്സാഹനം കൊടുക്കുകയാണ് മതിയാകുന്നതാണ്. ഡൈവിംഗ് ഒരു സീസണിൽ മാത്രമാണ് നടക്കുക. തുടർന്നുകൂടിക്കിടക്കുന്ന കുടുക്കുടെ മുത്തുച്ചിപ്പി, കടലിൽനിന്നും മുങ്ങിയെടുക്കുന്നതു പോലെ സർവ്വസാധാരണമല്ലാത്തതും ചില പ്രത്യേക അവസരങ്ങളിൽ മാത്രം നടക്കുന്നതും വളരെ വൈദഗ്ദ്ധ്യമുള്ളവർക്കു മാത്രം ചെയ്യുവാൻ കഴിയുന്നതുമായ ഒരു തൊഴിലാണിത്. ഈ തൊഴിലാളികൾക്കും അവരെ ആശ്രയിച്ചു ജീവിക്കുന്ന അവരുടെ കുടുംബാംഗങ്ങൾക്കും ഇപ്പോൾ ഉണ്ടാകുന്നതിന്, ആവശ്യമായ പ്രോത്സാഹനം ഗവണ്മെൻറിൽ നിന്നും ഉണ്ടാകണം. ഇവ മുങ്ങിയെടുക്കുന്നതിനുള്ള ഡൈവിംഗ് ഉപകരണവും ആധുനികരീതിയിലുള്ള സജ്ജീകരണങ്ങളുംകൂടി ചെയ്തുകൊടുക്കുന്നതു നന്നായിരിക്കും.

ഇപ്പോൾ ഇതിനെ സംബന്ധിച്ചു് നിയമനിർമ്മാണം നടത്തുമ്പോൾ ഈ വ്യവസായത്തെ സംബന്ധിച്ച കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതാണ്. സഹകാര്യവ്യക്തികൾക്കു് ഈവക കാര്യങ്ങളിൽ യാതൊരു സ്ഥാനവും കൊടുക്കാതെ, കടലിലും കായലിലും പുറമ്പോക്കു സ്ഥലങ്ങളിലും കക്കാവാരുന്ന തൊഴിലാളികളുടെ ക്ഷേമത്തെ ലാക്കാക്കി സഹകരണാടിസ്ഥാനത്തിൽ ഈ തൊഴിൽ വികസിപ്പിക്കുന്നതിനു് സഹായിക്കുന്ന വ്യവസ്ഥകൾ അതിലുൾക്കൊള്ളിക്കുകയുംവേണം. ഇതു പറയുമ്പോൾ ശ്രീ. രാഘവക്കുറുപ്പു പറഞ്ഞ മിക്കവാറും എല്ലാ കാര്യങ്ങളോടും എനിക്കു് യോജിപ്പുണ്ടെങ്കിലും ഡ്രെഡ്ജർ ഉപയോഗിക്കുന്നതിനെപ്പറ്റി അദ്ദേഹം പറഞ്ഞ അഭിപ്രായത്തോടു് എനിക്കു വിയോജിപ്പുണ്ടുള്ളതു്. ഈ തൊഴിൽ അഭിവൃദ്ധിപ്പെടുന്നതിനു കൂടുതൽ സൗകര്യങ്ങളുണ്ടാക്കുന്നതിനു് ആവശ്യമനുസരിച്ചു് ഉപയോഗിക്കണമെന്നാണു് എൻറെ അഭിപ്രായം. ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ യന്ത്രവൽകൃതവ്യവസായങ്ങൾതന്നെയായിരിക്കണം ഇവിടെ ഉണ്ടാകേണ്ടതു്. യന്ത്രവൽകൃതവ്യവസായങ്ങൾ കൂടുതലായി ഉണ്ടാക്കി കൂടുതൽ ആളുകൾക്കു തൊഴിലും ദേശീയോൽപ്പാദനവർദ്ധനവും സാധിക്കണം. ഇതിനു തടസ്സങ്ങളുണ്ടാക്കുന്ന കേന്ദ്രസർക്കാരിൻറെ നയത്തെ ഈയവസരത്തിൽ ഞാനോർമ്മിക്കുന്നു. ഈ കക്കാ തന്നെ ഇപ്പോൾ ഒരു മൈനർ മിനറൽ ആയി പ്രഖ്യാപിച്ചിരിക്കുകയാണു്. കേന്ദ്രത്തിനു അധികാരമുള്ള ഒരു ഇനമായി അതിനെ കണക്കാക്കി ഈ വ്യവസായത്തെയും കയ്യടക്കാനുള്ള പ്രവർത്തനങ്ങൾ നടന്നേക്കാം. നമ്മുടെ ദേശീയവിഭവങ്ങളിൽ മുക്കാൽഭാഗവും കയ്യടക്കിക്കഴിഞ്ഞ കേന്ദ്രഗവണ്മെൻറ് ഇവിടെ വ്യവസായങ്ങൾ വികസിപ്പിക്കാൻ സമ്മതിക്കുകയില്ല. ഈ കക്കാവ്യവസായത്തിൻറെ കാര്യത്തിലും കേന്ദ്രത്തിൻറെ കയ്യേറ്റം ഉണ്ടാകാതെയിരിക്കാൻ മന്ത്രി സഭ ശ്രദ്ധിക്കണം. വ്യവസായവൽക്കരണത്തിനു് കാര്യമായ നിർദ്ദേശമൊന്നുമില്ലാതെ, എല്ലാ വ്യവസായങ്ങളും സഹകാര്യമേഖലയ്ക്കു വിട്ടുകൊടുത്തുകൊണ്ടു് അതിനും അനുവാദം വാങ്ങാൻ ഡൽഹിയിൽ സത്യാഗ്രഹം നടത്തുന്ന മുഖ്യമന്ത്രിയുടെ കക്ഷിയിൽനിന്നും ഇക്കാര്യത്തിൽ വലിയ പ്രതീക്ഷയ്ക്കു വകയില്ല. എങ്കിലും ചില വാസ്തവങ്ങളും ആവശ്യങ്ങളും പറയുന്നു എന്നുമാത്രം. കക്കാ ഉപയോഗിച്ചു് (Calcium Carbonate ആണു്) കാൽസ്യം കാർബൈഡ്, സിമൻറ്, കുമ്മായം, ഷീറ്റ്ഗ്ലാസ്, തുടങ്ങിയ പല വ്യവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

സായങ്ങളും വികസിപ്പിക്കാൻ കഴിയും. ഈ മന്ത്രിമാരുടെ ശ്രദ്ധ ഈ വിഷയത്തിൽ കൂടുതലായി പതിയണം. സഹകായ്വ്യക്തികൾക്ക് കൂടുതൽ കൈകായ്കർത്തവ്യം അനുവദിക്കരുതെന്ന നിർദ്ദേശത്തോടുകൂടി ഞാൻ മതിയാക്കുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സർ, ഈ ബില്ലിന്റെ പൊതുതത്വങ്ങളോട് യോജിച്ചുകൊണ്ട് സഭയുടെയും, സെലക്ട് കമ്മിറ്റി അംഗങ്ങളുടെയും, ശ്രദ്ധയ്ക്ക് വിഷയമാകേണ്ട ഒരു കായ്ത്തെ സംബന്ധിച്ചു മാത്രമാണ് എനിക്ക് സംസാരിക്കുവാനുള്ളത്. കായംകുളം കായലിലും ചേത്തലയിലും മറ്റും കക്കാ വാരുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വിഭാഗം ആളുകൾ ഉണ്ട്. ഭക്ഷണക്ഷാമം വരുമ്പോഴും തൊഴിലില്ലായ്മ മൂർദ്ധന്യദശയിൽ എത്തുമ്പോഴുമാണ് അവർ സാധാരണയായി കക്കാ വാരുന്ന ജോലിയിൽ ഏർപ്പെടുന്നത്. ഗവണ്മെന്റിൽനിന്നും ഇതിലേക്ക് ഏതെങ്കിലും ലൈസൻസ് ഏർപ്പെടുത്തണമെന്ന നിർബന്ധം വന്നാൽ ആഹാരത്തിനുവേണ്ടി കക്കാ വാരുന്ന ഒരു വിഭാഗം ആളുകൾക്ക് വളരെ അധികം ക്ലേശങ്ങൾ ഉണ്ടാകാനിടയുണ്ട്. ഇന്നത്തെ നിയമം അനുസരിച്ചു ലൈസൻസിംഗ് അതാറിറ്റി വ്യക്തികൾക്ക് ലൈസൻസു കൊടുക്കുന്നുവെങ്കിൽ ഇതിന്റെ കൃത്യകക്കാരായ ആളുകൾക്ക് അതുകൊണ്ട് കൂടുതൽ പ്രയോജനം സിദ്ധിക്കുവാനുള്ള സാദ്ധ്യതയുണ്ട്. ഞാൻ മുമ്പു പറഞ്ഞ സ്ഥലങ്ങളിലുള്ള കയർ പിരിക്കുന്ന തൊഴിലാളികളും, മത്സ്യത്തൊഴിലാളികളും കക്കാ വാരി അതിൽ നിന്നും ലഭിക്കുന്ന ഇറച്ചി ഉപയോഗിക്കുന്നുണ്ട്. അവർക്ക് ഈ ലൈസൻസിംഗ് സംപ്രദായം ഉപദ്രവകരമാണ്. അതുകൊണ്ട് ആഹാരത്തിനുവേണ്ടി കക്കാ വാരുന്നവരെ ഈ ലൈസൻസിംഗ് സംപ്രദായത്തിൽനിന്നും ഒഴിവാക്കണം. അതേ സമയത്തു വ്യക്തികൾക്കു ലൈസൻസ് കൊടുക്കാമെന്നുള്ള വ്യവസ്ഥയെ ഞാൻ ശക്തിയായി പ്രതിഷേധിക്കുകയും ചെയ്യുന്നു. അങ്ങനെയായാൽ ഈ ബില്ലുകൊണ്ട് ഉണ്ടാകുമെന്നു കരുതുന്ന ഉദ്ദേശംതന്നെ ഇല്ലാതാകും. കുമരകം സഹകരണസംഘത്തിന്റെ ഒരു ബ്രാഞ്ച് എന്റെ അടുത്തുതന്നെ പ്രവർത്തിക്കുന്നുണ്ട്. അവർ ധാരാളം കക്കാ വാങ്ങുന്നുണ്ടെങ്കിലും, കക്കാ സിമൻറുഫാക്റ്ററിക്കാർ വാങ്ങാൻ തയ്യാറില്ലാത്തതുകൊണ്ട് അവർക്ക് വളരെ വിഷമമുണ്ട്. സിമൻറു ഫാക്റ്ററിക്ക് ആവശ്യമുള്ള കക്ക അവർ നേരിട്ട് ഡ്രെഡ്ജർ മുഖേന വാരുകയാണ് ചെയ്യുന്നത്. കക്കാ സഹകരണസംഘത്തിൽനിന്നും എടുക്കുമ്പോൾ കൂടുതൽ വില കൊടുക്കേണ്ടതായി വരും. നേരെമറിച്ചു ഫാക്റ്ററിക്കാർ ഡ്രഡ്ജ് ഉപയോഗിച്ചു വാരുമ്പോൾ വില വളരെ കുറവേ ആകുന്നുള്ളൂ. ഇങ്ങനെ ഡ്രഡ്ജർ ഉപയോഗിച്ച് ഈ പ്രദേശത്തുനിന്നും കക്കാ വാരുന്നതു മൂലം ഇതിന്റെ ഉൽപ്പാദനംതന്നെ നശിക്കുമോയെന്നുള്ള സംശയം സാങ്കേതിക വിദഗ്ദ്ധന്മാരുടെ വിചിന്തനത്തിനു പാത്രമാക്കേണ്ടതാണെന്നുള്ള കാര്യവും ഞാനിവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇന്ന് സിമൻറു ഫാക്റ്ററി നേരിട്ടു കക്കാ വാരിക്കുന്നതുകൊണ്ട് സഹകരണസംഘങ്ങളുടെ പ്രവർത്തനം നിഷ്പ്രയാസം നിലച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമം നമ്മുടെ പരിഗണനയിൽ വരുന്ന സന്ദർഭത്തിൽ സഹകരണസംഘങ്ങളിൽനിന്നും കക്കാ നിർബന്ധമായി വാങ്ങിക്കണമെന്നുള്ള വ്യവസ്ഥകൂടി കൊള്ളിക്കുകയും, ആഹാരത്തിനുവേണ്ടി കക്കാ വാരുന്നവരെ ലൈസൻ

LIBRARY ARCHIVES Kerala Legislative Assembly

സിൽനിന്നും ഒഴിവാക്കുകയും ചെയ്യണമെന്നഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : സർ, വളരെയേറെ പ്രാധാന്യമുള്ള ഒരു ബില്ലാണ് ഇവിടെ വന്നിരിക്കുന്നത്. ഇപ്പോൾ ചർച്ചാവിഷയമായിരിക്കുന്ന ലൈം ഷെൽസ് കൺട്രോൾ ബില്ലും, അതു കഴിഞ്ഞു വരുന്ന ലാൻഡ് കൺസർവെൻസി ഭേദഗതി ബില്ലും പരസ്പരം ബന്ധപ്പെട്ട ബില്ലുകളാണ്. ഇപ്പോൾ പുറമ്പോക്കു സ്ഥലങ്ങളിൽനിന്നോ, ഗവണ്മെന്റ വക സ്ഥലങ്ങളിൽനിന്നോ ആരെങ്കിലും കക്കാ വാരിയെടുക്കുന്നെങ്കിൽ അതിനെ നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമം ഈ രാജ്യത്തു നിലവിലില്ല. 1097-ലെ ഫിഷറി ആക്ടിന്റെ തണലിൽനിന്നുകൊണ്ട് കക്കയേയും ഒരു ഫിഷ് എന്ന ഗണനയിൽ ഉൾപ്പെടുത്തി 1950-ലെ തിരുവിതാംകൂർ-കൊച്ചി ഫിഷറി ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തി അതിൽ കക്കാ വാരുന്നതിനുള്ള നിയമംകൂടി ഉൾക്കൊള്ളിച്ചിരിക്കുകയാണ്. എന്തായാലും അനേകായിരം കുടുംബങ്ങൾ ഈ കക്കാ വാരുന്ന തൊഴിലിൽ ഏർപ്പെട്ടു കഴിയുന്നുണ്ടെന്നു നാം ഓർക്കണം.

അങ്ങനെ അനേകായിരം കുടുംബങ്ങൾ ഈ തൊഴിൽ തങ്ങളുടെ ഉപജീവനമാർഗ്ഗമായി അഭയം തേടിക്കൊണ്ടിരിക്കുന്ന ഈ
11 A. M. സന്ദർഭത്തിൽ അതായത്, 1943 മുതൽ 1953-വരെ പല ഘട്ടങ്ങളിലായി സഹകരണസംഘങ്ങൾ മുഖേന മാത്രം കക്കാ വാരുന്ന ആളുകളെ സംഘടിപ്പിച്ച് ആ വ്യവസായം പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് പല അവസരങ്ങളിലും ഗവണ്മെന്റ പ്രൊസീഡിംഗ്സ് പാസാക്കുകയും അതു അംഗീകരിക്കുകയും ചെയ്തിരിക്കുന്ന ഈ അവസരത്തിൽ, പ്രത്യേകിച്ച് രണ്ടാംപഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്ത് ഫൈനലൈസ് ചെയ്യുന്ന ഈ അവസരത്തിൽ, വിശേഷിച്ചും ഇതിനുവേണ്ടി അഞ്ചുലക്ഷത്തിൽപ്പരം രൂപ കൊള്ളിച്ചിട്ടുള്ള സ്ഥിതിക്ക് കക്കായെ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. എന്റെ സ്നേഹിതൻ തിരുവിതാംകൂർ പ്രതിനിധി മെമ്പർ ഭരണഘടനയെപ്പറ്റി എന്തൊക്കെയോ മനസ്സിലാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ സുഹൃത്തുക്കളോടു് സാധാരണ സംസാരിക്കാറുള്ളതുപോലെ ഈ നിയമസഭയിൽ എന്തൊക്കെയോ പറയുന്നതു കേട്ടു. അതായതു്, കക്കയെ സംബന്ധിച്ചുള്ള നിയമനിർമ്മാണാധികാരം യൂണിയൻ ലിസ്റ്റിലും, സ്റ്റേറ്റ് ലിസ്റ്റിലും ഭാഗികമായി ഉൾപ്പെടുത്തീട്ടുള്ളതാണ്. അതിനു പകരം അവ കൺകറന്റ ലിസ്റ്റിൽ ഉൾപ്പെടുത്തീട്ടുള്ളതാണെന്നു് ശ്രീ. കുറുപ്പ് പറയുകയുണ്ടായി. ഇൻഡ്യൻ ഭരണഘടന ഏഴാം പട്ടികയിൽ യൂണിയൻ ലിസ്റ്റ് 54-ാം നമ്പരിലാണ് ഇതെപ്പറ്റി പറഞ്ഞിരിക്കുന്നതു്. ആ ഭാഗം ഞാനിവിടെ ഉദ്ധരിക്കാം.

"Regulation of mines and mineral development to the extent to which such regulation and development under the control of the Union is declared by Parliament by law to be expedient in the public interest."

അതോടുകൂടിത്തന്നെ സ്റ്റേറ്റ് ലിസ്റ്റിൽ 23-ാംനമ്പരിൽ പറഞ്ഞിരിക്കുന്നതുകൂടി ഞാൻ വായിക്കാം.

LIBRARY-ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

"Regulation of mines and mineral development subject to the provisions of list I; with respect to regulation and development under the Control of the Union."

അപ്പോൾ യൂണിയൻ കൺേടാളിലുള്ള ഫസ്റ്റ്ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന കായ്ങ്ങൾ ഒഴിച്ച് ബാക്കിയുള്ളത് സ്റ്റേറ്റ്ലിസ്റ്റിനെ സംബന്ധിച്ചുള്ളതാണ്. ആ സ്ഥിതിക്ക് ഇവ കൺകറൻറ്ലിസ്റ്റിലല്ല ഉൾപ്പെട്ടത്തിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്. ഇൻഡ്യാഗവണ്മെൻറിൽനിന്നും കക്കയെ ഒരു മൈനർ മിനറലായി പ്രഖ്യാപനം ചെയ്തിരിക്കുകയാണ്. എങ്കിൽത്തന്നെയും ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതു് അത്യാവശ്യവുമാണ്. ഗവണ്മെൻറിൻെറ മാത്രമല്ല സ്വകായ്വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കക്കാവ്യവസായത്തെ സംബന്ധിച്ചും നിയന്ത്രണം ഉണ്ടാക്കേണ്ടതാണ്. നമ്മുടെ ഉദ്ദേശംതന്നെ സ്വകായ്വ് ഉടമകളെ സാമൂഹ്യവും സമ്പത്തികവുമായ ഒരു നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നുള്ളതാണ്. അതിനുകൂടി ഈ ബിൽ ആവശ്യമാണ്. കക്കയെ സംബന്ധിച്ചിടത്തോളവും നമ്മുടെ സംസ്ഥാനത്തു രണ്ടു മൂന്നു വിധത്തിൽ ഉണ്ട്. വെള്ളക്കക്കാ, കറുത്ത കക്കാ, കടൽകക്കാ. വെള്ളക്കക്കാ അനേകായിരം വർഷങ്ങളായി ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ കറുത്ത കക്കയിലുള്ള ഇറച്ചി ഭക്ഷണസാധനമായിത്തന്നെ കരുതിപ്പോരുന്നു. കക്കാവ്യവസായത്തിൽ ഏർപ്പെട്ട് ജീവിക്കുന്ന അനേകലക്ഷം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ കക്കാ വേമ്പനാട്ടുകായലിലും, അഷ്ടമുടിക്കായലിലും അതുപോലെ തന്നെ മണക്കുടികായലിലും ധാരാളമുണ്ട്. കോട്ടയം പാറൂർ, അമ്പലപ്പുഴ, ചേർത്തല, വൈക്കം, കരുനാഗപ്പള്ളി, തൃച്ചിന്ദ്രം മുതലായ സ്ഥലങ്ങളിൽ കക്കാ വാരുന്നവരുടെ 12 സഹകരണസംഘങ്ങളും കക്കാനീറുന്നവരുടെ 2 സഹകരണസംഘങ്ങളും ആലപ്പുഴ ഒരു മാർക്കറ്റിംഗ് സഹകരണസംഘവും ഇതിനു വേണ്ടി നിലവിലുള്ളതുമാകുന്നു. ഇപ്രകാരം പ്രവർത്തനംനടത്തുന്ന സംഘങ്ങൾക്ക് പരമാവധി പ്രോൽസാഹനവും രക്ഷാവ്യവസ്ഥയും നൽകേണ്ടതാണ്. അങ്ങനെ നൽകുന്ന പക്ഷം അനേകലക്ഷം തൊഴിലാളികുടുംബങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും നിദാനമാകുമെന്നുകൂടി നാം ഓർമ്മിക്കേണ്ടതാണ്. ആ ഒരു സ്മരണയോടുകൂടി ആയിരിക്കണം ഇതിൻെറ മൂവർ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ സഹകരണസംഘങ്ങളിൽ കുമരകത്തുള്ള സംഘം വളരെ പ്രധാനപ്പെട്ടതാണ്. ഈ സംഘത്തിനു് ആണ്ടൊന്നുക്ക് 25 ലക്ഷം രൂപയിൽ കൂടുതൽ turnover ഉണ്ടെന്നുപറഞ്ഞാൽ ഈ വ്യവസായത്തിനു് സാമ്പത്തികമായി എത്രത്തോളം സംഭ്രാന്തയുണ്ടാകുമെന്നു് ഊഹിക്കാവുന്നതാണ്. നമ്മുടെ സംസ്ഥാനത്തേക്കു ആവശ്യമുള്ള സിമൻറിനു വേണ്ടി കക്കാ വാരുന്നതിനായി ഒരു ഡ്രെഡ്ജർ ഉപയോഗിക്കുന്നുണ്ട്. ധാരാളം കക്കാ ഡിപ്പോസിറ്റ് ചെയ്തിട്ടുള്ള കുമരകത്തു ഈ യന്ത്രം ഉപയോഗിക്കുവാൻ സംഘത്തെ അനുവദിക്കുകയാണെങ്കിൽ സുലഭമായി കക്കാ സപ്ലൈ നടത്തുകയും അതോടുകൂടിത്തന്നെ ഒരു വലിയ വിഭാഗം ജനങ്ങൾക്കു് തൊഴിലുണ്ടാകയും ചെയ്യുന്നതാണ്. ഇപ്പോഴുള്ള മിക്ക സഹകരണസംഘങ്ങളിലും ജോലിചെയ്യുന്ന ആളുകൾക്കു് വൈദ്യസഹായം, തൊഴിൽ സിക്കാൻ വീടുകൾ, വിദ്യാഭ്യാസസഹായം മുതലായവ ആ സംഘങ്ങൾ മുഖേന നൽകിവരുന്നുണ്ട്. അങ്ങനെ നൽകുന്ന സംഘങ്ങളെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് പ്രത്യേകം പരിഗണിക്കണമെന്നാണ് ഞാൻ പറയുന്നത്. അതായത് നമ്മുടെ സംസ്ഥാനത്തുള്ള കൈത്തറി സംഘങ്ങളെ സഹായിക്കുന്നതിനുവേണ്ടി, പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി, അവക്ക് സബ്സിഡി നൽകുന്നതുപോലെ ഇവക്കും ഒരു സബ്സിഡി നൽകേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി : കുമരകം സഹകരണസംഘം വളരെ പ്രധാനപ്പെട്ട ഒന്നാണെന്നു പറഞ്ഞു. അവിടെ തൊഴിലാളികൾക്ക് പ്രവേശനം ഇല്ലാത്തത് എന്തുകൊണ്ടാണ്?

ശ്രീ. എൻ. പരമേശ്വരൻ പിള്ള : ആളുകളെ പ്രവേശിപ്പിക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : തൊഴിലാളികൾ അവിടെ പോകുന്ന പക്ഷം അവരെ അവിടെ കയറ്റുന്നില്ലെന്ന് മെമ്പർക്ക് അറിയാമോ?

ശ്രീ. എൻ. പരമേശ്വരൻ പിള്ള : കുമരകത്തുള്ള സഹകരണസംഘം മുഖേന നടത്തുന്ന കക്കാ വാരുന്ന തൊഴിലിൽ പുതുതായി തൊഴിലാളികളെ പ്രവേശിപ്പിക്കുന്നില്ലെന്നോ അവിടെ പോകുന്നതിനെതന്നെ അനുവദിക്കുകയില്ലെന്നോ മറ്റോ വിചാരമുണ്ടെങ്കിൽ അത് മറ്റേതോ ഒരു ചിന്താഗതിയിൽ നിന്നും രൂപം പ്രാപിച്ച തെറ്റിദ്ധാരണയാണെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. പരിപൂർണ്ണ ജനാധിപത്യരീതിയിൽ അധിഷ്ഠിതമായ സഹകരണപ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളവും സംസ്ഥാനത്തുള്ള എല്ലാ ജനങ്ങളും ഒത്തൊരുമിച്ച് സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു സാമ്പത്തികസാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനു വേണ്ടി മുന്നോട്ടു വരുന്നതിനുപകരം ഏതോ ചില രാഷ്ട്രീയവികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് അവലോകനം ചെയ്യുന്നതു് അനഭിലഷണീയവുമാണ്.

ശ്രീ. പി. വി. അവിരാത്തരകൻ : ഈ ബില്ലിനകത്ത് ലൈസൻസു വാങ്ങിച്ചുകൊണ്ട് സൊസൈറ്റികൾക്കു മാത്രമെ കക്കാ വാരാൻ അവകാശമുള്ളൂ എന്നു പറയുന്നുണ്ടോ?

ശ്രീ. എൻ. പരമേശ്വരൻപിള്ള : അങ്ങനെ പറയുന്നില്ല.

ശ്രീ. പി. വി. അവിരാത്തരകൻ : പിന്നെ എന്തുകൊണ്ടാണ് സഹകരണസംഘങ്ങൾക്കു മാത്രമെ ലൈസൻസു കൊടുക്കാവൂ എന്നും പ്രോത്സാഹനം നൽകാവൂ എന്നും മറ്റും പറയുന്നത്?

ശ്രീ. എൻ. പരമേശ്വരൻപിള്ള : സഹകരണസംഘങ്ങൾക്കു മാത്രം പ്രോത്സാഹനം നൽകണമെന്നല്ല ഞാൻ പറഞ്ഞത്. പല സംഘങ്ങൾക്കും പ്രോത്സാഹനം നൽകുന്ന കൂട്ടത്തിൽ കക്കാ സഹകരണസംഘങ്ങൾക്കും പ്രോത്സാഹനം നൽകണമെന്നാണ് ഞാൻ പറയുന്നത്. ഗവണ്മെന്റ് മനഃപൂർവ്വമായി ചില വ്യവസായങ്ങൾക്ക് സഹായം നൽകുന്നതുപോലെ ഇവക്കും നൽകണമെന്നുമാത്രമേ എനിക്കു ആഗ്രഹമുള്ളൂ. മറ്റുള്ള വ്യവസായങ്ങളെ അപേക്ഷിച്ച് ഈ വ്യവസായം ഇനിയും വളരെ പുരോഗമിക്കേണ്ടതായിട്ടാണിരിക്കുന്നത്. മാത്രമല്ല മറ്റുള്ള വ്യവസായങ്ങളിൽ ഉണ്ടാകുന്നതുപോലെ പണിമുടക്കും സ്തംഭനവും ഈ വ്യവസായത്തിൽ ഉണ്ടാകുന്നുമില്ല. സമാധാനപരമായും നിയമാനുസൃതമായും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

പ്രവത്തി നടത്തിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ഇതു്. കയർ വ്യവസായമാണെങ്കിൽ അവിടെ കൂടക്കൂടെ തൊഴിലാളി മുതലാളി സംഘട്ടനം ഉണ്ടാകുന്നുണ്ടു്. അതുപോലെ പല വ്യവസായങ്ങളിലും ഉണ്ടാകുന്നുണ്ടു്. എന്നാൽ കക്കാവ്യവസായ തൊഴിലാളികൾ വളരെ ശാന്തരായി ജീവിക്കുകയാണു്. അതുകൊണ്ടുതന്നെയാണു് അവർ കൂടുതൽ പ്രോത്സാഹനത്തിനു് അർഹരാണെന്നു ഞാൻ വാദിക്കുന്നതു്. ഇപ്പോൾ കക്കാവാരുന്നതു് അപകടകരവും വിഷമമേറിയതുമായ ഒരു രീതിയിൽക്കൂടിയാണു്. ഈ നില ഒന്നു മാറ്റണമെന്നതു് ഏതുകൊണ്ടും നന്നായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. കക്കയെപ്പറ്റി ഗവേഷണം നടത്തുകയും അവ വാരി എടുക്കാൻ ചെറിയതരം മിഷ്യനറീസ് കണ്ടുപിടിക്കുകയും വിതരണം ചെയ്കയും ചെയ്താൽ അപകടത്തിൽനിന്നും തൊഴിലാളികളെ രക്ഷപ്പെടുത്താമെന്നുമാത്രമല്ല പ്രതീക്ഷയിൽ കവിഞ്ഞുള്ള പ്രതിഫലവും കൂടി ലഭിക്കുന്നതാണു്. ഇത്തരം മിനറൽസ് നമ്മുടെ സംസ്ഥാനത്തു് പല ഭാഗങ്ങളിലും ഉണ്ടെന്നു് എനിക്കുതന്നെ അറിയാം.

അതുപോലെതന്നെ ഡെപ്പോസിറ്റ് ഏതെല്ലാം സ്ഥലത്തുണ്ടു് എന്നുള്ളതിനെ സംബന്ധിച്ചു് സമഗ്രമായ ഒരന്വേഷണം നടത്തണം. ഏതെങ്കിലും ഒരു കായലിന്റെ അരികിൽ ഷെല്ല കണ്ടു എന്നോ മറ്റോ പറഞ്ഞു് അവിടെ മാത്രം അന്വേഷിച്ചാൽ പോരാ. കക്കാ, രാജ്യത്തു് എവിടെയെല്ലാം ഉണ്ടു് എന്നുള്ളതു സംബന്ധിച്ചു് ഒരു സർവേതന്നെ നടത്തേണ്ടതാണു്. കക്കാ കൊണ്ടു് നമ്മുടെ രാജ്യത്തു് പല കായ്കളും ചെയ്യുവാൻ സാധിക്കും. കൃഷിയ്ക്കായാലും കെട്ടിടത്തിനായാലും സിമൻറിനായാലും കക്കാ വളരെ ആവശ്യമാണു്. അങ്ങനെ വളരെ ഏറെ സാദ്ധ്യതകളുള്ള ഈ വ്യവസായത്തെ സംബന്ധിച്ചു് ഇപ്രകാരമുള്ള ഒരു നിയമനിർമ്മാണം വളരെക്കാലം മുൻപുതന്നെ ഉണ്ടാകേണ്ടതായിരുന്നു. അങ്ങനെ ഈ അംഗീകാരം ഉണ്ടാകാതിരുന്നതിന്റെ അഭാവം, അതുകൊണ്ടുണ്ടായ വിടവു്, നികത്തുന്നതിനു വേണ്ടിയുള്ള നിയമങ്ങളാണു് ലൈംഷെൽ കൺട്രോൾ ബില്ലും, ലാൻഡു് കൺസർവൻസി ബില്ലും. ഈ രണ്ടു നിയമങ്ങളും സെലക്ട് കമ്മിറ്റി വേണ്ട വിധത്തിൽ പഠിച്ചാലോചിച്ചു് പാസ്സാക്കേണ്ടതാണു്. കക്കാവ്യവസായത്തിന്റെ നാനാവശങ്ങളെപ്പറ്റിയും ശരിയായി അന്വേഷിക്കുന്നതിനു് ഞാൻ മുൻപു പറഞ്ഞതുപോലെ ഒരു വിദഗ്ദ്ധനെ നിയമിക്കേണ്ടതാണു്. കക്കാ നമുക്കു് വളരെ ഏറെ ആവശ്യമുള്ള ഒരു സാധനമാണു്. ഇവയുടെ വില നിയന്ത്രിക്കുന്നതിനുള്ള പ്രൊവിഷൻകൂടി ഇതിലുള്ളതു് ആശാസ്യമാണു്. കക്കാ സഹകരണസംഘങ്ങൾ ധാരാളം ഉണ്ടാവുകയാണെങ്കിൽ ചൂഷണാത്മകമായ രംഗങ്ങൾ വളരെയേറെ മാറിക്കിട്ടാനിടയുണ്ടു്. ഇപ്പോൾ ഫിഷറീസ് ആക്ടു് അനുസരിച്ചു് ചേർത്തല അമ്പലം മുതൽ മറ്റൊരു സ്ഥലത്തു് പള്ളി വരെയുള്ള സ്ഥലം ഇതിന്റെ പരിധിയിലാക്കി ആ സ്ഥലത്തു് ലൈസൻസു കൂടാതെ കക്കാ വാരാൻ പാടില്ല എന്നു പറയുന്നുണ്ടു്. കുമരകം കക്കാ വ്യവസായസഹകരണസംഘത്തിലെ ഇൻസ്പെക്ടർ ഇതു സംബന്ധിച്ചു് വളരെ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ സേവനം ലഭിക്കുന്നതു് നന്നായിരിക്കും. ലൈസൻസു ഫീസ് ഇനത്തിലും ഗവണ്മെൻറിനു് കുറെ തുക കിട്ടുന്നുണ്ടു്. ഈ ആക്ടിലെ പ്രൊവിഷനുകൾക്കു് വിപരീതമായി പ്രവത്തിക്കുന്നവരെ സംബന്ധിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

ടത്തോളം 10-ാംവകുപ്പിൽ ശിക്ഷ പറയുന്നുണ്ട്. തടവും പിഴയും പറഞ്ഞിട്ടുണ്ടെങ്കിലും രണ്ടും വേണ്ടതാണെന്നതന്നെയാണ് എന്റെ അഭിപ്രായം. 'നിയമനിർമ്മാണം ചെയ്യുമ്പോൾ, നിയമം ലംഘിക്കുന്നവരെ സംബന്ധിച്ചിടത്തോളം കർശനമായ വ്യവസ്ഥകൾകൂടി ചെയ്യേണ്ടതു് ആവശ്യമാണ്. കക്കയെ സംബന്ധിച്ചിടത്തോളം അതു് നമ്മുടെ രാജ്യത്തെ പ്രധാന വിഭവമാണ്. അതിന്റെ പരിരക്ഷ അതിലേർപ്പെട്ടിരിക്കുന്ന അനേകായിരം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമാണ്. അതിനാൽ ഇതു സംബന്ധിച്ചുള്ള നിയമം ലംഘിക്കുന്നതായാൽ അവരെ കർശനമായി ശിക്ഷിക്കേണ്ടതുതന്നെയാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ ബില്ലും ലാൻഡ് കൺസർവൻസി ബില്ലും സെലക്ഷൻകമ്മിറ്റിയുടെ അവഗാഢമായ പര്യാലോചനയ്ക്കു വിഷയമാക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. എം. കോര : വളരെ പ്രാധാന്യമുള്ള ഒരു ബില്ലാണിതെന്നും ഇതു് വളരെ ആവശ്യമുള്ളതാണെന്നും പൊതുവെ മെമ്പറന്മാർ അഭിപ്രായപ്പെട്ടുകാണുന്നതിൽ സന്തോഷമുണ്ട്. കൃഷിയെ സംബന്ധിച്ചു പറയുന്ന പക്ഷം കൃഷിയുമായി ബന്ധപ്പെട്ട, അല്ലെങ്കിൽ കൃഷിയുമായി പരിചയമുള്ള എല്ലാവരും സമ്മതിക്കും, കൃഷിക്കാരനു് കക്ക കൂടിയേതീരൂ എന്നു്. ആ നിലയിൽ അതു് എത്തിച്ചേർന്നിരിക്കുകയാണു്. കുട്ടനാടൻ കൃഷിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ആളുകൾക്കു താമസിക്കാൻ ഉള്ള സ്ഥലത്തെ പുരസ്കരിച്ചു് മിക്കവാറും എല്ലാ നദികളുടേയും തോടുകളുടേയും സമീപമുള്ള നിലങ്ങളിൽ കുത്തിപ്പൊക്കി താമസിക്കാൻ ഉപയോഗിക്കുന്നതുകൊണ്ടു് ഈ നദികളിലും തോടുകളിലും ഉള്ള ഒഴുക്കു് ഈ നിലങ്ങളിലേയ്ക്കു പ്രവേശിയ്ക്കുന്നില്ല. അതുകൊണ്ടു് നദികളിൽനിന്നും കിട്ടിക്കൊണ്ടിരുന്ന വളം ഇപ്പോൾ കിട്ടുന്നില്ല. ഒഴുക്കു കയറിയിറങ്ങി നിലങ്ങളുടെ പുളി പോകേണ്ടതും ആവശ്യമാണു്. പുളി ഇല്ലാതാക്കുന്നതിനു് ആവശ്യമായ ഒരു സാധനമാണു് കക്കാ അപ്പോൾ നദികളിലുള്ള ഒഴുക്കു് ഈ നിലങ്ങളിൽ കയറി അവിടെയുള്ള പുളി ഇല്ലാതാക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് നിലങ്ങളിലെ പുളി പോക്കുവാൻ കക്കാ ഉപയോഗിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ കായൽ വീഴ്ചയുടെ ആധിക്യംകൊണ്ടു് ആണ്ടിൽ ഇരുന്നൂറോ മുന്നൂറോ രൂപവീതം ചെലവാക്കേണ്ടതായിട്ടും വന്നിരിക്കുകയാണു്. കുത്തിപ്പൊക്കി നട്ടുപിടിപ്പിച്ചിട്ടുള്ള തെങ്ങുവൃക്ഷങ്ങൾ, ഇപ്പോഴത്തെ പോക്കുകണ്ടിട്ടു്, വീണു് പത്തുകൊല്ലങ്ങൾക്കുള്ളിൽ ഒരൊറ്റ തെങ്ങുപോലും ആ പ്രദേശത്തെങ്ങും കാണുമോ എന്നു സംശയിക്കത്തക്ക നിലയിൽ അത്ര ഭയങ്കരമായി കായൽവീഴ്ച എന്ന ഭയങ്കരവ്യാധി തെങ്ങുവൃക്ഷത്തെ ബാധിച്ചിരിക്കുകയാണു്. ഞാൻ പറയുന്നു, വാട്ടക്കക്ക ഇതിനിടയ്ക്കു് നന്നായിരിക്കുമെന്നു്. പക്ഷെ, അതൊന്നും കർഷകനു് ന്യായമായ വിലയ്ക്കു് സുലഭമായി കിട്ടുവാൻ പ്രയാസമായിരിക്കുന്നു എന്നുള്ളതു് പച്ചപ്പരമാർത്ഥമാണു്. അനേകമായിരം തൊഴിലാളികളും ഈ കക്കാവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണു്. അതു് ഞാനും സമ്മതിക്കുന്നു. എന്നാൽ മി. കുഞ്ഞിനെപ്പോലെയുള്ളവർ തൊഴിലാളികളുടെ കാര്യംമാത്രം മനസ്സിൽ വിചാരിച്ചു് (അതു് ഒരു നല്ല കാര്യമാണു്) തൊഴിലാളികളുടെ ക്ഷേമത്തെ മാത്രം ലാക്കാക്കി പ്രവർത്തിക്കണമെന്നു വിചാരിക്കുന്ന ആളുകൾ (അതു് തെറ്റാണെങ്കിൽ ഞാൻ പിൻവലിക്കുന്നു) ഇതു സംബന്ധിച്ചു് ശരിയായ ഒരു അന്വേഷണം നടത്തേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. കോര]

ണ്ടതാണെന്നു് ഞാൻ അപേക്ഷിക്കുന്നു. ഈ കക്കാവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് ഏതു തരത്തിലുള്ള സഹായമാണു് വേണ്ടതു്; അവക്കു് ന്യായമായ സഹായങ്ങൾ ലഭിക്കുന്നുണ്ടോ എന്നും മറ്റുമുള്ള കാര്യം അദ്ദേഹത്തിനു് അന്വേഷിക്കാൻ സന്മനസ്സുണ്ടെങ്കിൽ അതിനാവശ്യമായ എല്ലാ സഹായങ്ങളും ഞാൻ ചെയ്തുകൊടുക്കാൻ സന്നദ്ധനാണു്. എന്തെല്ലാം സഹായമാണു് വേണ്ടതെങ്കിലും കുട്ടിക്കാലം മുതൽക്കേ എനിക്കു പരിചയമുള്ള ഈ കുറുപ്പുകുഞ്ഞിനു ചെയ്തുകൊടുക്കാം. കുട്ടിക്കാലം മുതൽക്കേ എനിക്കു പരിചയമുള്ള ഈ കുറുപ്പു് ഈ നിയമസഭയിൽവച്ചു്—കള്ളം എന്നു പറയുന്നതു് പാർലമെൻറി അല്ലാത്തതുകൊണ്ടു്—ഇതുപോലുള്ള വ്യാജപ്രസ്താവന, അല്ലെങ്കിൽ സത്യവിരുദ്ധമായ പ്രസ്താവന പുറപ്പെടുവിച്ചതിൽ എനിക്കു ഖേദമുണ്ടു്.

SHRI N. RAGHAVA KURUP: Sir, one question.....

ശ്രീ. കെ. എം. കോര: ഏതു ചോദ്യം വേണമെങ്കിലും ചോദിച്ചുകൊള്ളണം. ഈൽഡ് ചെയ്യാൻ തയ്യാറാണു്. പക്ഷെ ഞാൻ സംസാരിച്ചുതീർന്നുകൊള്ളട്ടെ.

MR. DEPUTY SPEAKER: The hon. Member Shri Kurup made certain remarks about him and the hon. member has a right to reply to that. I will give you time after he finishes.

SHRI N. RAGHAVA KURUP: When one member speaks and if another member wants to ask a question and if the member who is on his legs is prepared to yield, may I know why that first member should not be allowed to ask the question?

MR. DEPUTY SPEAKER: He did not yield.

SHRI N. RAGHAVA KURUP: But for the Speaker's intervention he would have given me a hearing. He was so willing.

ശ്രീ. കെ. എം. കോര: വളരെ ആശയോടുകൂടി അദ്ദേഹത്തിന്റെ പ്രോഗമനം സൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്ന എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ആരോപണം അടിസ്ഥാനരഹിതമായ തന്നെ വെന്നു്, മൈതനത്തോ മറ്റോ ആണെങ്കിൽ അതു ന്യായമായിരിക്കുമായിരുന്നു. പക്ഷെ നിയമസഭയ്ക്കുള്ളിൽ അകത്തുവച്ചുള്ള ഇദ്ദേഹത്തിന്റെ പ്രസ്താവന അടിസ്ഥാനരഹിതമായിരുന്നു എന്നു പറയേണ്ടി വന്നതിൽ ഖേദം ഉണ്ടു്. കെ. എം. കോരക്കു് ഒരു സെൻറുപോലും കായൽനിലം ഇല്ല. കെ. എം. കോരക്കു് കക്കായുമായി യാതൊരു ബന്ധവും ഇല്ല. കോരയുടെ കുടുംബത്തിലുള്ളവർക്കും ഒരു സെൻറുപോലും കായൽനിലം ഇല്ല. കുറെ നല്ല ആളുകളുടെ അനുഗ്രഹംകൊണ്ടു് കുറെ നിലം പാട്ടത്തിനു കിട്ടിയിട്ടുണ്ടു് അത്രയുള്ളൂ. ഞാൻ കഴിഞ്ഞ ആഴ്ചയിൽ തെക്കുവടക്കു് ഓടിനടന്നു് ഒരാളെ കണ്ടുപിടിച്ചു. അദ്ദേഹം എന്റെ നിലത്തിൽ കുറെ കക്കാ ഇടണമെന്നു ഉപദേശിച്ചു. ഞാൻ വില അന്വേഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ 100 പാട്ട കക്കായ്ക്ക് 50 രൂപ വിലയാണ്. പരമാർത്ഥത്തിൽ എന്റെ കൈവശം പണം ഇല്ലാത്തതുകൊണ്ട് ഞാൻ കക്കാ ഇട്ടില്ല. ഇപ്പോൾ എങ്ങനെയെങ്കിലും കക്കാ ഇടണമെന്നു കാണിച്ച് വീട്ടിലേക്കു എഴുതിയിട്ടുണ്ട്. എന്റെ നിലത്തിൽ കക്കയില്ല, പക്ഷേ മി. കുറുപ്പിനു വളരെ ഇഷ്ടമുള്ള മീൻ ഉണ്ട്. അതായത് കോരമീൻ അതുപോലെ തന്നെ അദ്ദേഹത്തിന്റെ വീട്ടിൽ ഉള്ള പലർക്കും ആവശ്യമുള്ള പലതും അവിടെയുണ്ട്; അതായത് കോരപ്പുൽ മുതലായ പലതും.

ശ്രീ. എ. താണുപിള്ള : കോര മീനാണെങ്കിൽ മാത്രമേ അദ്ദേഹത്തിനു ഇഷ്ടപ്പെടുകയുള്ളോ?

ശ്രീ. കെ. എം. കോര : പല്ലാണെങ്കിൽ ഇഷ്ടപ്പെടും. അതോടുകൂടി ഉൾപ്പുംപല്ല് എന്നു പറഞ്ഞ ഒരു സാധനംകൂടി ഉണ്ട്. അതും കൊടുക്കാം. ഏതായാലും ഈ ബില്ലിൽ തൊഴിലാളികൾക്ക് ഉപദ്രവമുള്ള ഏതെങ്കിലും പ്രൊവിഷനുകൾ ഉണ്ടെങ്കിൽ അതൊക്കെ മാറേണ്ടതാണ്. അതിനു കുറുപ്പിനെപ്പോലെയുള്ള ആളുകൾ മുൻകൈ എടുത്ത് പ്രവർത്തിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ബഹുമാനപ്പെട്ട മെമ്പറന്മാർ ഇതുവരെ പ്രതിപാദിക്കാതിരുന്ന ഒരു സംഗതിയെപ്പറ്റി പറയുവാനാണ് ഞാൻ, ആഗ്രഹിക്കുന്നത്. ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഇതാണ് എനിക്കു പറയുവാനുള്ളത്. ബില്ലിന്റെ പരിധി വളരെ പരിമിതമാണ്. ഇതിൽ ഇതിന്റെ ഉദ്ദേശങ്ങളെ വ്യവരിച്ചിരിക്കുന്നതിന്റെ കൂട്ടത്തിൽ കക്കായുടെ കൺസർവേഷനെപ്പറ്റി പറയുന്നുണ്ട്. വിതരണത്തെ സംബന്ധിച്ചും സംഭരണത്തെ സംബന്ധിച്ചും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നല്ലാതെ കൺസർവേഷനെ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ബില്ലിലില്ല. നമ്മുടെ രാജ്യത്തു കക്കാ ഇല്ലാതാകാനുള്ള പരിതഃസ്ഥിതി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുകയാണ് ഈ ബില്ല് എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. കൃഷിക്കു പുറമേ കെട്ടിടംപണി സിമന്റ് നിർമ്മാണം ഇവയ്ക്ക് എല്ലാം കക്കാ വളരെ അത്യാവശ്യമാണ്. നമ്മുടെ സിമന്റ്ഫാക്ടറിയുടെ അടുത്ത ഘട്ടത്തിലുള്ള വികസനം ഉണ്ടാകുന്ന അവസരത്തിൽ മറ്റ് അസംസ്കൃത സാധനങ്ങളിൽനിന്നു ഉണ്ടാക്കാൻ സാദ്ധ്യമല്ലാത്തതും, കക്കയിൽനിന്നു മാത്രം ഉണ്ടാക്കാൻ സാധ്യതയുള്ളതുമായ വെള്ള സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിനു പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. അങ്ങിനെ വെള്ളസിമന്റുമാത്രം ഉണ്ടാക്കുന്ന ഫാക്ടറിയായി രൂപഭേദപ്പെടുത്തിയാൽ ഇന്നു ഉപയോഗിക്കുന്നതിൽ കൂടുതൽ കക്കാ ഉപയോഗിക്കാതിരിക്കാം. അങ്ങിനെ കക്കയുടെ കൺസർവേഷൻ നടത്താൻ കഴിയും.

ശ്രീ. എൻ. രാഘവക്കുറുപ്പ് : വെള്ളസിമന്റ് ഉണ്ടാക്കുന്നതിനു കക്ക കുറച്ചുമതിയോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു പോരാ. പക്ഷേ ഇൻഡ്യയിലുള്ള മറ്റു ഫാക്ടറികളോടു മത്സരിച്ച് വെള്ളസിമന്റുണ്ടാക്കി വെളിയിൽ അയക്കാൻ കഴിയും. ഇപ്പോഴുണ്ടാക്കുന്ന തരത്തിലുള്ള സിമന്റ് മറ്റു ഫാക്ടറികളിൽ ഉണ്ടാക്കുന്നതിനോടു മത്സരിച്ച് വിൽക്കാൻ സാദ്ധ്യമല്ല. നമ്മുടെ അസംസ്കൃതസാധനത്തിന്റെ വിലക്കുടുതൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

കൊണ്ടും ഉൽപ്പാദനച്ചെലവുകൊണ്ടും മറ്റ ഫാക്ടറികളിലെ സിമൻറിനോട മത്സരിക്കുന്നതിന് നിവൃത്തിയില്ലാതെയാണിരിക്കുന്നത്. എന്നാൽ വെ സിമൻറുണ്ടാക്കുന്ന ഫാക്ടറികൾ ഇൻഡ്യയിൽ വളരെ ചുരുക്കമാണ്. കക്കായിൽനിന്നും ഇപ്പോൾ ഉണ്ടാക്കുന്നതല്ലാതെ മറ്റസാധനങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നാണ് ഇതു സംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുള്ള ആളുകൾ പറയുന്നത്. എന്നാൽ അതിനെപ്പറ്റിയെല്ലാം ആലോചിക്കുന്നതിനു മുമ്പായി അത്യാവശ്യമായി ചെയ്യേണ്ടത് നമ്മുടെ രാജ്യത്തു നിന്ന് ലഭ്യമാകുന്ന കക്കാ എത്രയാണെന്നും, എത്ര കക്കായാണ് ഒരു വർഷം ഉപയോഗിക്കേണ്ടിവരുന്നതെന്നും, കണ്ടുപിടിക്കുകയാണ്. അതിനുള്ള ഏർപ്പാടുകൾ ചെയ്യുകയാണെങ്കിൽ ഈ കക്കായുടെ സെൻസർവേഷനും യുട്ടിലൈസേഷനും ശരിയായി നടത്തുന്നതിന് നമുക്ക് കഴിയും. അതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭരണഘടനയ്ക്ക് വിപരീതമായി ഈ നിയമം വരുമോ എന്ന് ചിലർ സംശയിക്കുന്നു. അതിനു ഒരു തീരുമാനം കല്പിക്കുന്നതിനല്ല ഞാനിപ്പോൾ മുതിരുന്നത്. ഭരണഘടനയ്ക്ക് വിപരീതമായി വരുന്ന ഘട്ടത്തിൽ ഈ രാജ്യത്തിനു് ആവശ്യമായ ഒരു നിയമമാണെങ്കിൽ, അതു് പാർലമെൻറിനെക്കൊണ്ടു് പാസ്സാക്കി പ്രയോഗത്തിൽ വരുത്തേണ്ടതാണ്. ഈ ഘട്ടത്തിൽ നാം ചിന്തിക്കേണ്ടതു് ഇത്തരത്തിലുള്ള ഒരു നിയമം ആവശ്യമാണോ എന്നും ഞാൻ ഉന്നയിച്ച ചില കാര്യങ്ങൾകൂടി ചേർത്തു് ഈ നിയമം രൂപപ്പെടുത്തണമോ എന്നുമാണ്. അതുകൂടി ആലോചിക്കാൻ സെലക്ട് കമ്മിറ്റി തയ്യാറാകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. തോമസ്സ്: അൺഹെൽത്തി കാമ്പറ്റീഷൻ ഇല്ലാതാക്കുന്നതിനുകൂടി ഫ്ളോർപ്രൈസ് കൂടി നിശ്ചയിക്കേണ്ടതല്ലേ?

ശ്രീ. കളത്തി വേലായുധൻനായർ: ഫ്ളോർപ്രൈസ് കൂടി നിശ്ചയിക്കണം. അല്ലെങ്കിൽ ശരിയായി അൺഹെൽത്തി കാമ്പറ്റീഷൻ തടയാൻ സാധിക്കുകയില്ല.

ശ്രീ. ടി. ടി. ശിവൻശാസ്ത്രി: ഞാൻ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഇവിടെ നടന്ന പ്രസംഗങ്ങളിൽ എല്ലാംതന്നെ ഈ ബില്ലിൻറെ പ്രാധാന്യത്തെ കാണിക്കുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ കക്കാ വളരെ പുരാതനമായ ഒരു കണ്ടുപിടിത്തമാണ്. ഇന്നു് ഗവേഷണങ്ങളുടെ ഫലമായി കക്കായിൽനിന്നും ഉണ്ടാക്കുന്ന സിമൻറ്, കുമ്മായം മുതലായവ ലോകസമക്ഷം പേരെടുത്തു കഴിഞ്ഞിരിക്കയാണ്. ഒരു അസംസ്കൃത സാധനമായി തള്ളി കളയുന്നതിരുന്ന കക്കയെ മനുഷ്യോപയോഗ സാധനമാക്കി തീർക്കാൻ പ്രഥമ ഗവേഷണത്തിൽ സാധിച്ചതു് ചുണ്ണാമ്പു് കണ്ടുപിടിക്കുകയായിരുന്നു എന്നു കാണാം. അത്ര പ്രാധാന്യമുള്ള ഒരു സാധനമായിരുന്നു ചുണ്ണാമ്പെന്നു് എത്രമാത്രം സൂക്ഷ്മമായി ചിന്തിച്ചാൽ നമുക്ക് അറിയാൻ കഴിയും. ആ ഘട്ടത്തിൽ നിന്നു് അഭ്രതപൂർവമായ സിമൻറ് മുതലായ സംസ്കൃതസാധനങ്ങളായി നമ്മുടെ കക്കയെ രൂപാന്തരപ്പെടുത്തിയിരിക്കുന്ന ഒരു സന്ദർഭത്തിലാണ് ഈ ബില്ലിൻറെ അവതരണംകൊണ്ട് നിയമസഭാ സാമാജികന്മാരുടെ സവിശേഷമായ ശ്രദ്ധയെ

LIBRARY ARCHIVES Kerala Legislative Assembly

കക്കാവ്യവസായത്തിലേക്കു് ക്ഷണിക്കപ്പെട്ടിട്ടുള്ളതെന്നു കാണുവാൻ ഇടയായതിൽ എനിക്കു് സന്തോഷമുണ്ടു്. ബില്ലിനുള്ളിലുള്ള വ്യവസ്ഥകളിൽ ഓരോന്നായി എടുത്തുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. മാത്രവുമല്ല, ബില്ലു് പുനഃപരിശോധന നടത്താൻ ഒരു സെലക്ടു് കമ്മറ്റി ഉണ്ടായിരിക്കുന്നു. വിശദവിവരങ്ങളിലേക്കു് കടക്കാതെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നുരണ്ടുകാര്യങ്ങൾമാത്രം സെലക്ടുകമ്മറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നേ ഞാനാഗ്രഹിക്കുന്നുള്ളൂ. ഞാൻ സെലക്ടുകമ്മറ്റി അംഗങ്ങളുടെ പ്രത്യേകശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നതിൽ ഒന്നു് ഈ കക്കാ ആഹാരസാധനമായി സാധാരണക്കാർ ഉപയോഗിച്ചുവരുന്നതുകൊണ്ടു് ലൈൻസിനത്തിലോ മറ്റു് ഫീസു് ഇനത്തിലോ നിന്നു് ഈ പാവപ്പെട്ടവരെ ഒഴിവാക്കണമെന്നുള്ളതാണു്.

[Mr. Speaker in the Chair]

ഒരു 20 കൊല്ലത്തിനുമുമ്പു് തിരുവിതാംകൂർ നിയമസഭയിൽ ഈ കക്കയെസംബന്ധിക്കുന്ന പ്രശ്നം വരികയുണ്ടായി. അന്നു് ഈ നിയമസഭയിലെ ഒരു മെമ്പറായിരുന്ന ഞാൻ അന്നത്തെ ഗവണ്മെൻറു കൈക്കൊണ്ട നയം ഇവിടെ പ്രസ്താവിക്കുന്നതു് ഇന്നത്തെ ഗവണ്മെൻറിനും സഭയ്ക്കും സഹായകരമായിരിക്കുമെന്നു് വിചാരിക്കുന്നു. ലൈസൻസ് ഫീസ് കക്കാ വാരി സാധാരണക്കാർക്കു് വിറ്റു് പണമുണ്ടാക്കുന്നതിനു് ചിലർ ലൈസൻസിനപേക്ഷിച്ചിട്ടു് അന്നത്തെ ഗവണ്മെൻറു് അതു നിർത്തലാക്കുകയാണു് ചെയ്തതു്. അതിനു് അന്നത്തെ ഗവണ്മെൻറു പറഞ്ഞ സമാധാനം കക്കയുടെ അകം സാധാരണക്കാർക്കു് ആഹാരമായും പുറം അത്യുത്തമമായ സാധനങ്ങൾ നിർമ്മിക്കാൻ ഉതകുന്നതും ആണെന്നാണു്. ഇന്നു് ഇതു സംബന്ധിച്ചു് ഒരു നിയമം ഉണ്ടാക്കാൻപോകുന്ന കാലഘട്ടത്തിൽ പാവപ്പെട്ടവരുടെ ആഹാരസാധനമായ കക്കായ്ക്കുള്ളിലെ ഇറച്ചി വിറ്റു് ആദായം ഉണ്ടാക്കത്തക്കതരത്തിൽ കോവാ റേറിവു സൊസൈറ്റികൾക്കോ മറ്റോ സന്ദർഭം കൊടുക്കാതിരിക്കണമെന്നു് ഞാൻ സെലക്ടുകമ്മിറ്റിയോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു. അങ്ങിനെ കുത്തകയായി നമ്മുടെ കക്കാ ആർക്കെങ്കിലും കൊടുക്കുകയാണെങ്കിൽ തൊഴിലാളിവിഭാഗത്തിൽ ഭ്രിഭാഗവും സ്ത്രീപുരുഷഭേദമന്യേ മുറുക്കാനുവേണ്ടി ഉപയോഗിക്കുന്ന ചുണ്ണാമ്പുതന്നെയും ഇന്നു് കിട്ടിക്കൊണ്ടിരിക്കുന്ന വിലയ്ക്കു കിട്ടി എന്നുവരികയില്ല. അതുകൊണ്ടു് തൊഴിലാളികളുടേയും പാവപ്പെട്ടവരുടേയും ക്ഷേമത്തെ മുൻനിറുത്തിയുള്ള ഒരു ബില്ലാണിതെന്നുള്ള ബോധത്തോടുകൂടി അവധാനപൂർവം പരിചിന്തിക്കേണ്ടതാണെന്നു് പറഞ്ഞുകൊള്ളട്ടെ. ശ്രീ. നടരാജപിള്ള അവർകൾ ഈ പ്രശ്നം മറ്റുപലതിനോടുംകൂടി ഭംഗിയായി ഈ സഭയിൽ കൈകാര്യം ചെയ്യുകയുണ്ടായി. മറ്റു് ബഹുമാനപ്പെട്ട പല മെമ്പറന്മാരും കക്കായുടെ കാര്യത്തെപ്പറ്റി പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്. എന്നാൽ ഒരു കാര്യം എനിക്കു് ഇവിടെ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. കടലിലും അതുപോലെതന്നെ കായലുകളിലും ഉണ്ടാകുന്നതുപോലെ കക്കാ പുഞ്ചനിലങ്ങളിലോ തോടുകളിലോ കളങ്ങളിലോ ഉണ്ടാകുന്നില്ല. മനുഷ്യർ ആഹാരത്തിനുപയോഗിക്കുന്ന കക്കാ കടലിൽനിന്നും കായലുകളിൽനിന്നും കിട്ടുന്നതുപോലെ മറ്റൊരിടത്തുനിന്നും കിട്ടുന്നില്ല. ഇതെല്ലാം നേരേ മനസ്സിലാക്കി സെലക്ടുകമ്മിറ്റി അംഗങ്ങൾ ദയാപൂർവം പരിചിന്തനംചെയ്തു് ഈ നിയമം സാധാരണക്കാർക്കു് ദോഷകരമായിത്തീരാതിരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ടി. കേശവൻശാസ്ത്രി]

ക്കാനുള്ള വകുപ്പുകൾ ഉൾപ്പെട്ടതാണെന്ന് ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. ഈ ബിൽ അംഗീകരിക്കാൻ ഈ സഭയിലെ എല്ലാ മെമ്പറന്മാരും സന്നദ്ധരായിരിക്കുന്ന സ്ഥിതിക്ക് എത്രയും വേഗം ഇതു നിയമമായിത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു.

SHRI K. BALAKRISHNAN : Sir, under Rule 222 of the Rules of Procedure and Conduct of Business I move for a closure.

MR. SPEAKER : What is the view of the House ? Shall I accept the closure ?

SHRI N. NARAYANA KURUP : I doubt whether closure motion is admissible in regard to the discussion about a Bill.

MR. SPEAKER: Yes, it is applicable.

SHRI K. BALAKRISHNAN : There is nothing preventing a closure in regard to a Bill. There might be conventions. I don't think there is anything in the rules.

MR. SPEAKER : That might be true. Anyhow the Chair must be convinced whether there has been adequate discussion on the subject.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഈ ബില്ലിന്റെ തത്വത്തോട് ഞാനും പരിപൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഈ കക്കയ്ക്കു ക്രമപ്രവൃദ്ധമായ പ്രയാണം അല്ലെങ്കിൽ സംസ്കരണംകൊണ്ട് എന്റെ ബഹു: സ്നേഹിതൻ ശാസ്ത്രി അവർകളും പറഞ്ഞതുപോലെ പുരോഗമനവാദികളുടെ പുരോഗമനശക്തികളെക്കാളും പുരോഗമനം ഉണ്ടായിട്ടുണ്ടെന്നു പറയാതിരിക്കാൻ യാതൊരു ന്യായത്തിയുമില്ല. ഈ കക്കാ ഒരു കാലത്തു ചുണ്ണാമ്പിനു മാത്രമായി പുരോഗമനവാദികൾ സൗഗാരമുറക്കിനു ഉപയോഗിച്ചിരുന്നതുകൂടാതെ അസ്വാളശന്മാരും വൃദ്ധന്മാരും പുകയില കൂട്ടിയുള്ള മുറുക്കിനു ഉപയോഗിക്കുകയുംചെയ്തിരുന്ന പരിതഃസ്ഥിതിയിൽനിന്നും അതിന്റെ ഉപയോഗം എത്രമാത്രമുണ്ടെന്നു ഗവേഷണങ്ങൾകൊണ്ടു മനസ്സിലാക്കി ഇന്നെങ്കിലും അതിനു പ്രാധാന്യമേറിയ ഒരു സ്ഥാനം നൽകിയ ഈ നിയമസഭയിൽ വാദപ്രതിവാദത്തിനു ഇടയാക്കിയ ഈ ബില്ലിന്റെ അവതാരകനെ ഞാൻ അനുമോദിക്കുന്നു.

പല കായ്ങ്ങളെപ്പറ്റിയും എന്റെ മാന്യസ്നേഹിതന്മാർ ഇവിടെ പ്രതിപാദിച്ചുവെങ്കിലും ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു കായ്ം അവർ വിട്ടുപോയി എന്നാണ് എനിക്കു പറയുവാനുള്ളതു്. ആയുർവ്വേദ മരുന്നുകളെപ്പറ്റിയോ ആയുർവ്വേദ വിധികളെപ്പറ്റിയോ പരിചയമുള്ള ആരെങ്കിലും ഇവിടെ ഉണ്ടായിരുന്നെങ്കിൽ അക്കായ്ം പറയുമായിരുന്നു. എന്നാൽ അതിൽ പരിചയമുള്ള ശ്രീ. തോപ്പിൽ ഭാസി അവർകളും പോലും ഇതിന്റെ ഗുണങ്ങളെപ്പറ്റി സംസാരിക്കാതിരുന്നതിൽ ഞാൻ വളരെ ഖേദിക്കുന്നു. ഈ കക്കായുടെ ഇറച്ചി അർശസ്സിനു

LIBRARY ARCHIVES Kerala Legislative Assembly

വളരെ ശാന്തിനൽകുന്ന ഒന്നാണെന്നുള്ളതു് അനുഭവസ്ഥരിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. നല്ല കക്കായിറച്ചി മറ്റു ചില മരുന്നുകൾകൂടി ചേർത്തു് ലേഹ്യമാക്കി ഉപയോഗിച്ചാൽ അർശോരോഗശമനംവരുമെന്നു് പ്രശസ്തരായ ആയുർവ്വേദ വൈദ്യന്മാർ അഭിപ്രായപ്പെടുകയും ചികിത്സ നടത്തുകയും ചെയ്യുന്നുണ്ടു്. ഈ മുണ്ടെന്നു അനുഭവിച്ചവരും പറയുന്നുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : വിദഗ്ദ്ധാഭിപ്രായം അതു് അർശസ്സിനു നല്ലതാണെന്നും എന്നാൽ തലച്ചോറിനു ദോഷം വരുമെന്നും ആണോ ?

ശ്രീ. എൻ. നാരായണക്കുറുപ്പു് : ബഹുമാന്യ മെംബർ അതു് ഉപയോഗിച്ചു നോക്കിയിട്ടുണ്ടെന്നു്, ഈ ചോദ്യംകൊണ്ടു മനസ്സിലാകുന്നുണ്ടു്. (ചിരി). ഏതായാലും ചില ആയുർവ്വേദ വൈദ്യന്മാർ ഇതു ശാസ്ത്രപ്രകാരം പഠിച്ചു പ്രയത്നിച്ചിട്ടുള്ളവർ പറയുന്നതാണു്. അവർ രാഷ്ട്രീയത്തിൽ ഏങ്ങും പോയിട്ടുള്ളവരല്ല. അതുകൊണ്ടു് വൈദ്യന്മാർ പറയുന്നതു നാം സ്വീകരിക്കണം. ഈ കക്കാ ഇറച്ചി അർശസ്സിനു ഏറ്റവും പറ്റിയതായതുകൊണ്ടു് അർശോരോഗിക്കും കക്കാ ഇറച്ചികൊണ്ടുള്ള ലേഹ്യം ഉണ്ടാക്കി കഴിക്കാമെന്നാണു്. കക്കാ ഇറച്ചി എരുമനെയ്യും മറ്റു മരുന്നുകളും ചേർത്തു് ലേഹ്യമായി ഉപയോഗിച്ചാൽ, അശോരോഗം ശമിക്കും.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മെംബർ കക്കാ ഇറച്ചി ഉപയോഗിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. നാരായണക്കുറുപ്പു് : ഞാൻ പറഞ്ഞതു വിദഗ്ദ്ധന്മാരുടെ അഭിപ്രായമാണെന്നുള്ളതു വിശദീകരിച്ചിട്ടും ഈ ചോദ്യം ചോദിക്കാനുള്ള ബുദ്ധിശൂന്യത എന്റെ സ്നേഹിതൻ മി. ചാഴിക്കാടനുണ്ടാകുമെന്നു ഞാൻ വിചാരിച്ചില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഹിയർസേ ഇൻഫർമേഷൻ വച്ചുകൊണ്ടു പറയാതെ ഉപയോഗിച്ചു ഫലം മനസ്സിലാക്കിയതാണോ എന്നു ചോദിച്ചതാണെന്നു മനസിലാക്കാൻ കഴിവില്ലാത്തതു് ബുദ്ധിശൂന്യതയല്ലേ (ചിരി).

ശ്രീ. എൻ. നാരായണക്കുറുപ്പു് : യൂറോപ്യൻ യുദ്ധം നടന്നു എന്നു നാം വിശ്വസിക്കുന്നതു നേരിട്ടുകണ്ടിട്ടാണോ ? ഏതായാലും ഈ മാതിരി ബുദ്ധിശൂന്യത കാണിക്കാതിരുന്നാൽ കൊള്ളാം. (ചിരി). അതു പോകട്ടെ. വൈദ്യന്മാർപോലും സമ്മതിക്കുന്ന ഈ കക്കാ ഇറച്ചി വ്യാവസായപരമായി ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു വ്യവസ്ഥകൂടി ഈ ബില്ലിൽ വരുത്തുന്നതിനു് സെലക്ട് കമ്മിറ്റി പരിഗണിക്കണം എന്നു പറഞ്ഞുകൊണ്ടു് എന്റെ അഭിപ്രായം ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ജി. ചാക്കോ : സർ, ഈ രാജ്യത്തു് കക്കാവ്യാവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വലിയ ജനവിഭാഗം ഉണ്ടു്. ഇന്നു് എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെയും പുരോഗതിയെ ലാക്കാക്കി ധാരാളം നിയമനിർമ്മാണങ്ങൾ ഗവണ്മെന്റു നടത്തിക്കൊണ്ടിരിക്കുന്ന കാലമാണു്. നമ്മുടെ രാജ്യത്തെ റ്റി പറയുകയാണെങ്കിൽ ഈ രാജ്യത്തധിവസിക്കുന്ന എല്ലാ തൊഴിലാളികളുടേയും നന്മയെ ലാക്കാക്കി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ജി. ചാക്കോ]

ഈ രാജ്യത്തെ ഗവണ്മെൻറ് ഒട്ടനവധി നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. കക്കാ വ്യവസായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഈ വ്യവസായം ഈ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായമാണ്. അതു നടത്തുന്നതു് കടലോരത്തും കായലോരത്തും ആണ്. ഞങ്ങളുടെ മലനാട്ടുകളെപ്പറ്റി പറയുകയാണെങ്കിൽ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഇല്ലാ എന്നുള്ള വാസ്തവം ഞാനിയവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഇപ്രകാരം തൊഴിലാളികളുടെ നന്മയെ പ്രധാനമായി ആസ്പദമാക്കി ഈ ഗവണ്മെൻറ് തിരുവിതാംകൂർ-കൊച്ചി ലൈംസ്ഷെൽ കൺട്രോൾബില്ലു് ഇവിടെ കൊണ്ടുവന്നതിൽ ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുകയാണു്. ഈ കക്കാ നമ്മുടെ ജീവിതാവശ്യങ്ങൾക്കു് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളതാണു്. കെട്ടിടങ്ങൾ പണിയുന്നതിനു കുമ്മായം വളരെ ആവശ്യമാണു്. അതുപോലെതന്നെ കക്കായി നിന്നും സിമൻറ് ഉണ്ടാക്കുന്നു. ഇങ്ങനെ ഇതു സംബന്ധിച്ചുള്ള വ്യാപാരം വളരെ വിപുലമായ രീതിയിൽ നടക്കുന്നുണ്ടു്.

കൂടാതെ മനുഷ്യരുടെ ശരീരത്തിനു കാൽസ്യം വളരെ ആവശ്യമായിട്ടുള്ളതാണു്. അങ്ങനെ കാൽസ്യം ഡിഫിഷ്യൻസിയുള്ള ആളുകൾ നമ്മുടെ നാട്ടിൽ ധാരാളമായിട്ടുണ്ടെന്നു് ഡാക്ടർമാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ കണ്ണുരോഗം ഉണ്ടാകുന്നതു കാൽസ്യം ഡിഫിഷ്യൻസികൊണ്ടാണെന്നാണു് ഡാക്ടർമാർ പറഞ്ഞിട്ടുള്ളതു്. അതു ശരിയാണോ എന്നെനിക്കു നിശ്ചയമില്ല. എന്നിരുന്നാലും ഏതു രൂപത്തിൽ നോക്കിയാലും അതു വളരെ ആവശ്യമായിട്ടുള്ള ഒരു സാധ്യമാണു്. കുമ്മായം പോലെതന്നെ മറ്റു സാധനങ്ങളും. ചുണ്ണാമ്പിൻറെ കാര്യമാണെങ്കിൽ നമ്മുടെ രാജ്യത്തു് ഒട്ടുവളരെ ആളുകൾ ചുണ്ണാമ്പുകട്ടി മറുക്കുന്നവരുണ്ടു്. അതുകൊണ്ടു് ഈ ചുണ്ണാമ്പു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കും വ്യാപാരം നടത്തുന്നതിനു ധാരാളം സൗകര്യമുണ്ടു്. നമ്മുടെ രാജ്യത്തുള്ള ആളുകൾക്കു് ഈ മുറുക്കു് സമ്പ്രദായം വളരെ ശക്തിയായിരിക്കുന്നു. അതിനു വളരെ അത്യന്താപേക്ഷിതമായിട്ടുള്ള ഒരു സംഗതിയാണു് ചുണ്ണാമ്പു്. അതില്ലാതിരുന്നാൽ മുറുക്കു പൂർത്തിയാകുകയില്ല. അതുകൊണ്ടു് ഈ ചുണ്ണാമ്പു് വളരെ കുറഞ്ഞ റേറിനു അല്ലെങ്കിൽ യാതൊരു വിലയുമില്ലാതെ തന്നെ ലഭ്യമാക്കേണ്ടതു വളരെ ആവശ്യമായിട്ടുള്ള കാര്യമാണു്. കാരണം മുറുക്കുന്ന ആളുകളുടെ എല്ലാ പേരുടേയും കയ്യിൽ ഇതുണ്ടായി എന്നു വരികയില്ല. ഇതു പല സന്ദർഭങ്ങളിലും ആവശ്യപ്പെടുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ചുണ്ണാമ്പു വളരെ വളരെ കുറഞ്ഞ റേറിനു കിട്ടേണ്ടതു വളരെ ആവശ്യമായിട്ടുണ്ടു്. മുറുക്കു വളരെ പ്രചാരത്തിലിരിക്കുന്ന ഒരു കാര്യമാണു്. അതുകൊണ്ടു ചുണ്ണാമ്പു വ്യവസായം വളരെ ശക്തിയായി ഇവിടെ നടപ്പാക്കണം. ഈ വ്യവസായം പുരോഗമിക്കേണ്ടതാണു്. ഇന്നു് ചുണ്ണാമ്പു വ്യവസായത്തിലും മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നുണ്ടു്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു് വളരെ വളരെ പുരോഗതിയുണ്ടു്. ഈ തൊഴിലാളികളെ സംരക്ഷിക്കേണ്ടതു ഗവണ്മെൻറിൻറെ കഴിച്ചുകൂട്ടാൻ പാടില്ലാത്ത ചുമതലയാണു്. ഇങ്ങനെ ഒരു ബിൽ ഇവിടെ കൊണ്ടുവന്നതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുകയാണു്. ഈ ബില്ലിൻറെ പ്രധാനമായ ഉദ്ദേശം അതായതു്

LIBRARY ARCHIVES Kerala Legislative Assembly

"to introduce a system of licensing of dealers and fixation of ceiling prices for the sale of lime shell". ഈ ബില്ലുകൊണ്ടുവന്ന നിയമമാക്കേണ്ടതു ഏറ്റവും അത്യാവശ്യമായിട്ടുള്ള കാര്യമാണു്. അതുകൊണ്ടു് ഗണ്യമായ ഒരു വിഭാഗം ജനങ്ങളെ ഇപ്രകാരം നിയന്ത്രിക്കേണ്ടതും അതിന്റെ വില നിയന്ത്രിക്കേണ്ടതും ആവശ്യമായിട്ടുള്ള ഒരു കാര്യമാണു്. അതിനാൽ ഇപ്രകാരമുള്ള ഒരു ബിൽ ഇവിടെ പാസാക്കുന്നതിനുവേണ്ട ശ്രമങ്ങൾ സെലക്ട്കമ്മിറ്റി ചെയ്യേണ്ടതാണു്. ഈ ബില്ലിലെ പ്രൊവിഷൻസിനെപ്പറ്റി പറയുകയാണെങ്കിൽ 15 വകുപ്പുകൾ ഈ ബില്ലിലുണ്ടു്. അതിൽ എന്റെ സ്നേഹിതൻ മി. പരമേശ്വരൻപിള്ള 10-ാംമതു് ക്ലാസ്സിനെപ്പറ്റി ഇവിടെ പ്രസ്താവിക്കുകയുണ്ടായി.

"Whoever contravenes the provisions of this Act.....shall be punishable with imprisonment for a term which may extend to three years or with fine or with both."

ആ ഫൈനിന്റെ തുക എന്താണെന്നു ഫിക്സ് ചെയ്യേണ്ടതു വളരെ അത്യാവശ്യമായ കാര്യമാണു്. കർശനമായ ശിക്ഷ നൽകുന്നതിനു കഴിയുന്നതും സെലക്ട്കമ്മിറ്റി ആലോചിക്കേണ്ടതാണു്.

അതുപോലെതന്നെ ഇതിന്റെ പ്രൊസിഡ്യൂവറിൽ "No person other than a Police Officer of or above the rank of an Inspector of Police shall investigate any offence under this Act" ഇതിൽ ഒരു ഇൻസ്പെക്ടർ ആഫ് പോലീസു് എന്നേ പറയുന്നുള്ളു. നമ്മുടെ നാട്ടിൽ സബ്ഇൻസ്പെക്ട്റും സർക്കിൾ ഇൻസ്പെക്ട്റും ഉണ്ടു്. അതുകൊണ്ടു് ആ ഭാഗം വളരെ വ്യക്തമായിട്ടു ഈ ബില്ലിൽ കാണിക്കണം. ഇന്ന അവരുടെ അധികാരങ്ങളെ സംബന്ധിച്ചിടത്തോളം പല തകരാറുകളും ഉള്ളതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ അവസരത്തിൽ അതു പ്രസക്തമല്ലാത്തതുകൊണ്ടു് അതു പറയുന്നില്ല. ഇപ്പോൾ അതൊരു ശല്യമായി തീർന്നിരിക്കുകയാണു്. അതുകൊണ്ടു് സബ്ഇൻസ്പെക്ടർക്കാണോ സർക്കിൾഇൻസ്പെക്ട്റക്കാണോ അധികാരമുള്ളതു എന്നും തീരുമാനിക്കേണ്ടതാണു്. ഈ കാര്യവും സെലക്ട്റ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തികൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഭാസ്കരൻ നായർ : ഈ ബില്ലിൽ കാണുന്ന പ്രധാനമായ ഒരു വൈകല്യം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആൻറ് റീസൺസിൽ പറയുന്നതു "It is considered necessary to conserve this commodity to the extent possible and to prevent the depletion of its resources. It is also considered necessary to regulate the supply and distribution of this commodity and also to make it available at reasonably low prices." ഇതാണു്. പക്ഷെ ഈ ബില്ലിലെ വ്യവസ്ഥകൾകൊണ്ടു് ഈ ഓബ്ജക്ട്സ് സാധിതപ്രായമാകുമോ എന്നുള്ളതു വളരെ സംശയമാണു്. എന്നാണെനിക്കു തോന്നുന്നതു്. കക്കായുടെ സംഭരണവും വിതരണവും സംബന്ധിച്ചു് ചില നിയന്ത്രണങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രധാനമായിട്ടു് ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. ഇന്ന നിയന്ത്രണം ഇല്ലാതെ ചെലവായിക്കൊണ്ടിരിക്കുന്ന കക്കായുടെ ഒരു നല്ല ഭാഗം ഉൽപ്പാദിപ്പിക്കപ്പെടുന്നില്ലാ എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. ഭാസ്കരൻനായർ]

വസ്തുതയുടെ അടിസ്ഥാനത്തിൽ ഈ ബില്ലിന്റെ വ്യവസ്ഥകളനുസരിച്ച് നിയന്ത്രണം നടത്തിയിരുന്നാൽതന്നെയും ഏതാണ്ടം കൊല്ലം കഴിയുമ്പോൾ കക്കാ നമുക്ക് ലഭിയ്ക്കുവാൻ കഴിഞ്ഞില്ലെന്ന വരുമെന്നുള്ളതാണ്. ലൈംഷെൽ കൃഷിക്കും കെട്ടിടനിർമാണത്തിനും ധാരാളമായി ഉപയോഗിച്ചുവരികയാണ്. കൃഷിയും വ്യവസായവും വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അതുകൊണ്ട് അതു സംബന്ധിച്ച ഒരു നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ എത്രത്തോളം കക്കാ ഉൽപ്പാദിപ്പിക്കുന്നു എന്നും ഓരോ ആവശ്യത്തിനുംവേണ്ടി ഓരോകൊല്ലം എത്ര കക്കാ ചെലവാക്കുന്നു എന്നുമുള്ള ഒരു നിശ്ചിത സ്ഥിതിവിവരകണക്കില്ലെങ്കിൽ ശരിയായ വിധത്തിലുള്ള ഒരു നിയമം ഉണ്ടാക്കുവാൻ സാധിക്കുമോ എന്ന സംശയമായിട്ടാണിരിക്കുന്നത്. അതിനുള്ള യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ചെയ്തു കാണുന്നില്ല. കൃഷിയ്ക്കുള്ള ഉരത്തിനായി കക്കാ പ്രധാനപ്പെട്ട ഒരു ഇൻഗ്രീഡിയൻറാണ്. അതുപോലെതന്നെ വ്യവസായത്തിനും വളരെ പ്രാധാന്യം കല്പിച്ചിട്ടുള്ള ഒരു റോ പ്രാഡക്ടാണ കക്കാ. അതിന്റെ ആവശ്യം എത്രത്തോളം ഉണ്ട്, ഉൽപ്പാദനം എത്രയുണ്ട് ഇതിനെല്ലാം സ്റ്റാറ്റിസ്റ്റിക്സ് ശേഖരിയ്ക്കേണ്ടതാവശ്യമാണ്. ഈ ബില്ലിൽ ഇതിനുള്ള നിബന്ധനകളും ഉൾപ്പെടുത്തണം. അല്ലാതെ ഈ ബില്ല് നിയമമാക്കുന്നതുകൊണ്ട് പൂർണ്ണമായ പ്രയോജനമില്ല. അതിനു് എനിക്കു നിർദ്ദേശിക്കുവാനുള്ളതു് ഇതിനാവശ്യമായ കണക്കുകൾ ശേഖരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതും അതിനാവശ്യമുള്ള നിബന്ധനകൾ ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതും ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണ് എന്നാണ്. ഇന്നത്തെ രീതിയിൽ തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ വളരെ ഏറെക്കാലം ഈ വ്യവസായം തുടർന്നുകൊണ്ടുപോകാൻ സാദ്ധ്യമല്ല. ഇന്നത്തെ രീതിയിൽ തുടർന്നു പോവുകയാണെങ്കിൽ അതു ഈ വ്യവസായത്തിനു വലിയ ദോഷം ഉണ്ടാക്കുമെന്നാണ് ചില വിദഗ്ദ്ധന്മാരുടെയും അഭിപ്രായം. കടലിലും മറ്റും ഉണ്ടാകുന്ന കക്കായുടെ ഒന്നുരണ്ടിരട്ടി കക്കാ എടുത്തുവരുന്നുണ്ട്. ഇന്നത്തെ നിലയിൽ മുന്നോട്ടുപോവുകയാണെങ്കിൽ കക്കാ സിദ്ധിക്കാത്ത ഒരു അവസ്ഥയിൽ എത്തിച്ചേരുവാൻ ഇടയുണ്ട്. അനേകം ആളുകൾ ഉപജീവനമാർഗ്ഗമായും, ആഹാരസാധനമായും കക്കാ ഉപയോഗിക്കുന്നുണ്ട്. കുറെ അധികം ആളുകൾ വ്യവസായത്തിനായും കെട്ടിടം പണിയ്ക്കായും കൃഷിയ്ക്കായും കക്കാ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് അനേകമാളുകളെ സാരമായ പല പ്രകാരത്തിലും ബാധിക്കാവുന്ന ഒരു കഴമ്പുള്ള പ്രശ്നമാണ് നാം അഭിമുഖീകരിക്കുവാൻ പോകുന്നതു് എന്നുള്ളതിനെ അടിസ്ഥാനമാക്കി, വളരെ അത്യാവശ്യമായ കാര്യങ്ങൾക്കുമാത്രമേ കക്കാ ഉപയോഗിക്കാൻ പാടുള്ളൂ എന്നുള്ള ഒരു വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിയാൽ കൊള്ളാമെന്നാണ് എനിക്കു പറയുവാനുള്ളതു്. കെട്ടിടനിർമ്മാണത്തിനാണ് കൂടുതൽ കക്കാ ഉപയോഗിയ്ക്കുന്നതു്. നമ്മുടെ നാട്ടിൽ റബ്ബിനും ധാരാളം ലഭിക്കുന്നുണ്ട്. കെട്ടിടം പണികൾക്കു് റബ്ബും ആവശ്യംപോലെ ഉപയോഗിക്കാനുള്ള സൗകര്യവും ഉണ്ട്. അതുകൊണ്ട് കെട്ടിടം പണിക്കു് കക്കായുടെ ഉപയോഗം പരിമിതപ്പെടുത്താവുന്നതാണ്, സർക്കാർ കെട്ടിടങ്ങളും എല്ലാം റബ്ബിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടതന്നെ കൊട്ടേഷനുതാണ്. ഈ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെംബറന്മാരിൽ പലരും പല നിർദ്ദേശങ്ങളും പ്രസ്താവിച്ചുകഴിഞ്ഞു. അവയെപ്പറ്റി ചന്തച്ച് സെലക്ട് കമ്മറ്റി എല്ലാ വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു ഞാൻ അപേക്ഷിച്ചുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഈ സഭയുടെ എല്ലാ ഭാഗത്തു നിന്നും ഈ ബില്ലിനു് സ്വാഗതം ലഭിച്ചിട്ടുണ്ട്. ഇതിന്റെ ചർച്ചയിൽ പങ്കെടുത്ത എല്ലാ മെമ്പറന്മാരും, ഈ ബില്ലിൽ പല പോരായ്മകളും ഉണ്ടെന്നു ചൂണ്ടിക്കാണിക്കുകയും പല നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി. വിലയേറിയ ആ നിർദ്ദേശങ്ങൾ സെലക്ട് കമ്മിറ്റിയിൽ പരിഗണിക്കാമെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

കക്കാ കഴിയുന്നിടത്തോളം റിസർവ് ചെയ്യുന്നതിനും ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു കുറെയൊക്കെ പരിരക്ഷ നൽകുന്നതിനുമാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നതു്. പക്ഷെ ആ സദുദ്ദേശത്തെ ബഹുമാനപ്പെട്ട തിരുവാർപ്പു മെംബർ തെറ്റായി ചിത്രീകരിച്ച് ഇവിടെ പ്രസംഗിച്ചതിൽ ഖേദമുണ്ട്. അദ്ദേഹത്തിനു് ഏതോ തെറ്റിദ്ധാരണകൊണ്ട് അപ്രകാരം വന്നതാണ്.

ഈ ബിൽ സെലക്ട് കമ്മിറ്റിക്കയക്കണമെന്നപേക്ഷിച്ചു കൊള്ളുന്നു.

12 Noon]

SHRI K. A. SIVARAMA BHARATHI: I would suggest the inclusion of Mr. D. Vivekanandan in the Select Committee on this Bill.

SHRI KALATHIL VELAYUDHAN NAIR: Sir, since Mr. N. Narayana Kurup belongs to that place, he may be added as a member of the Select Committee on this Bill.

The suggestions were accepted.

MR. SPEAKER: The question is that the Travancore-Cochin Lime Shells (Control) Bill be referred to a Select Committee consisting of:

1. Shri P. M. Markose
2. " T. T. Daniel
3. " N. Raghava Kurup
4. " Kuttappan Koickal
5. " N. Parameswaran Pillai
6. " A. Achutan
7. " Baby John
8. " P. J. Sebastian
9. " M. A. Antony

LIBRARY ARCHIVES Kerala Legislative Assembly

10 SHRI D. Vivekanandan
11. " N. Narayana Kurup; and
12. the mover.

The quorum being four.
The motion was put and carried.

The Travancore-Cochin Land Conservancy (Amendment) Bill, 1955

Minister for Local Self Government (SHRI K. KOCHUKUTTAN): Sir, I beg to introduce the Travancore-Cochin Land Conservancy (Amendment) Bill, 1955.

Home Minister (SHRI A. J. JOHN) : I second it.

MR. SPEAKER : The Bill stands introduced.

SHRI K. KOCHUKUTTAN : Sir, I move that the Bill be referred to the Select Committee on the previous bill.

MR. SPEAKER: Do you mean the same Select Committee to which the Lime Shells Bill has been just now referred?

SHRI K. KOCHUKUTTAN : Yes, Sir.

സർ, അല്പം മുമ്പ് സെലക്ട് കമ്മിറ്റിക്ക് അയച്ചിട്ടുള്ള ബിൽ പാസ്സായി നിയമമായി നടപ്പിൽ വരുന്ന അവസരത്തിൽ, അതു പ്രയോഗത്തിൽ വരുത്തുന്നതിനു്, ഈ ബില്ലും കൂടി പാസ്സാക്കേണ്ടതു് ആവശ്യമാണു്. 1951-ലെ ലാൻഡ് കൺസർവെൻസി ആക്റ്റിലെ 8-മത്തെ ക്ലാസ്സ് അനുസരിച്ചു് ഗവണ്മെൻറ ഭൂമികളിൽ അനുവാദം കൂടാതെ ആളുകൾ പ്രവേശിച്ചു് ആ ഭൂമിയിൽ നിൽക്കുന്ന ഉപയോഗയോഗ്യമായ വൃക്ഷങ്ങൾ നശിപ്പിക്കുകയോ മറ്റോ ചെയ്യുകയാൽ അതിൻെറ നഷ്ടം ആ ആളുകളിൽനിന്നും വസൂലാക്കാൻ വ്യവസ്ഥയുണ്ടു്. എന്നാൽ അങ്ങനെയുള്ള ഭൂമികളിൽനിന്നും മറ്റു സാധനങ്ങൾ മാറ്റം ചെയ്യുകയാണെങ്കിൽ അതായതു മണൽ നീക്കംചെയ്യുക, വെട്ടുകല്ലു് മാറ്റുക, കക്കാവാരുക മുതലായി വിലയുള്ള സാധനങ്ങൾ ഉപയോഗപ്പെടുത്തി ഗവണ്മെൻറിനെ നഷ്ടപ്പെടുത്തുകയാണെങ്കിൽ ആ ആളിൻെറ പേരിൽ നടപടി നടത്തി നഷ്ടം വസൂലാക്കാൻ ഇപ്പോൾ വ്യവസ്ഥയില്ല. അതിലേക്കു വേണ്ടിയാണു് ഈ അമൻറുമെൻറു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഇതും മുൻപറഞ്ഞ സെലക്റ്റ കമ്മിറ്റിക്കയക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എർത്തും കക്കായും തമ്മിൽ വ്യത്യാസമില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്. എർത്തും കക്കയും തമ്മിൽ വ്യത്യാസമുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മിനറൽസ് ആക്റ്റിൻെറ പരിധിയിൽ ഉൾപ്പെടുന്ന ഏതു സാധനങ്ങൾക്കും കൺട്രോൾ ഉള്ള സ്ഥിതിക്കു അതു മതിയാകുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു മതിയാകുകയില്ല. അക്കാര്യവും സെലക്ട് കമ്മിറ്റിയിൽ പരിശോധിക്കാമെന്നുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly